I.ഇ.ബി.XIകേരള നിയമസഭ/IV34

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ആഗസ്റ്റ് 2, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### ശ്രദ്ധക്ഷണിക്കൽ

(1) ശാസ്താംകോട്ട ശുദ്ധജല തടാകവും പരിസര പ്രദേശങ്ങളും ഉൾപ്പെടുത്തി വിനോദസഞ്ചാര വികസന പദ്ധതികൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ശുദ്ധജല മെത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ശാസ്താംകോട്ട ശുദ്ധജല തടാകം മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണെന്നുമാത്രമല്ല, അത് നികന്നുവരികയുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ നേരിട്ട് കാണുകയും പഠനം നടത്തുകയും ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും തടാകത്തിന്റെ സംരക്ഷണത്തിന് ധനസഹായം നൽകാൻ കേന്ദ്ര ഗവൺമെന്റിനോ സംസ്ഥാന ഗവൺമെന്റിനോ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ ശുദ്ധജല തടാകം സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും കൊല്ലം ജില്ലയിലെ എം. പി. മാർ മുഖേന കേന്ദ്ര മന്ത്രിക്ക് മെമ്മോറാണ്ഡം കൊടുക്കുകയും ചെയ്തിട്ടുണ്ട്. എക്കോ ടൂറിസം പോലുള്ള പദ്ധതികളാവിഷ്ക്കരിച്ച് ശാസ്താംകോട്ട കായലിനെയും പരിസരപ്രദേശങ്ങളെയും ഉൾപ്പെടുത്തി ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കെ. വി. തോമസ്): ശാസ്താംകോട്ട ശുദ്ധജല തടാകവും പരിസര പ്രദേശങ്ങളും ഉൾപ്പെടുത്തി വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് ഒരു പ്രോജക്ട് ഇപ്പോൾ സംസ്ഥാന ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലില്ല. പരിസര പ്രദേശങ്ങളെ ഉൾപ്പെടുത്തി എക്കോ ടൂറിസത്തിന് സാദ്ധ്യതയുണ്ടോ യെന്നുള്ള കാര്യം പരിശോധിക്കാവുന്നതാണ്.

## (2) ആലപ്പുഴ മെഡിക്കൽ കോളേജ് വണ്ടാനത്തേയ്ക്ക് മാറ്റുന്നതിനും ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ പൂർണ്ണമായ അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നടപടി

ശ്രീ. ഡി. സുഗതൻ: 1962–ൽ സ്വാശ്രയ കോളേജായി ആരംഭിച്ച ആലപ്പുഴ മെഡിക്കൽ കോളേജ് 1972–ൽ ഗവൺമെന്റ് ഏറ്റെടുത്തു. ഇപ്പോൾ ഈ മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത് വണ്ടാനത്തും, ആശുപത്രി സ്ഥിതി ചെയ്യുന്നത് ആലപ്പുഴ പട്ടണത്തിലുമാണ്. മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശം കോളേജിനോടനുബന്ധിച്ച് ആശുപത്രി വേണമെന്നാണ്. ഇതുവരെ അവിടെ ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പണി പൂർത്തിയാക്കിയ രണ്ട് ബ്ലോക്കുകൾ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് വണ്ടാനത്തു ണ്ടെങ്കിലും അവിടേയ്ക്ക് ആശുപത്രിയുടെ പ്രവർത്തനം ഷിഫ്റ്റ് ചെയ്തിട്ടില്ല. 400 കിടക്കകളുള്ള വാർഡിന്റേയും വിവിധ മേഖലകളിലായുള്ള മറ്റ് പണികളും നടക്കാതിരിക്കുകയാണ്. 100 കോടി രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കി ലോക ബാങ്കിന്റേയോ നബാർഡിന്റേയോ സഹായം തേടിക്കൊണ്ട് പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കി മെഡിക്കൽ കോളേജ് ആശുപത്രി യുടെ പ്രവർത്തനം പൂർണ്ണമായും വണ്ടാനത്തേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): മെഡിക്കൽ കോളേജിനുവേണ്ടി വണ്ടാനത്ത് ആറ് ബ്ലോക്കുകൾ ഉള്ള ഒ.പി. വിഭാഗത്തിൽ എ, ബി ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. പീഡിയാട്രിക് വിഭാഗവും, പീഡിയാട്രിക് സർജറി വിഭാഗവും പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനും അതോടൊപ്പം ഐ വിഭാഗവും പ്രവർത്തിപ്പിക്കുന്നതിനും ചില മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ജോലികൾ ഏകദേശം പൂർണ്ണമായി. ജലവിതരണം, മാലിന്യ നിർമ്മാർജ്ജനം, ജനറേറ്ററും ട്രാൻസ്ഫോമറും സ്ഥാപിക്കൽ, ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തൽ എന്നിവ പൂർത്തിയായാൽ പീഡിയാട്രിക് വിഭാഗങ്ങൾ വണ്ടാനത്തേക്ക് മാറ്റാൻ കഴിയും. ആലപ്പുഴ മെഡിക്കൽ കോളേജിനുവേണ്ടി ഈ വർഷം 2.96 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കുക, നിയമനം നടത്തുക, ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങിക്കുക തുടങ്ങിയവയ്ക്കെല്ലാംകൂടി ഏകദേശം 4 കോടി രൂപയോളം വേണ്ടിവരും. വണ്ടാനത്ത് മെഡിക്കൽ കോളേജ് പൂർണ്ണമായും പ്രവർത്തനക്ഷമമാകണമെങ്കിൽ ഇനി 100 കോടി രൂപ വേണ്ടിവരും. ഇപ്രകാരമൊരു ബൃഹത്ത് പദ്ധതിക്ക് ധനസഹായം ലഭ്യമാക്കുന്ന കാര്യം നബാർഡുമായി ആലോചിക്കാവുന്നതാണ്. വേൾഡ് ബാങ്കിൽനിന്നും ഇതിനായി ധനസഹായം ലഭ്യമാക്കാൻ ഒരു സ്കീം തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## സബ്മിഷൻ

### (1) സ്ത്രീപീഡനം

ശ്രീ. സാജുപോൾ: തൃശൂർ സ്വദേശിയായ പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ ജോലി വാഗ്ദാനം ചെയ്ത് തട്ടിക്കൊണ്ടുപോയി പോലീസുകാർ ഉൾപ്പെടെ 250-ഓളം ആളുകൾ പീഡിപ്പിച്ച സംഭവത്തിൽ കുറ്റക്കാരായവരെ കണ്ടെത്തി അവർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): ഇത് വളരെ ഗൗരവതരമായ കാര്യമാണ്. എറണാകുളം തോപ്പുംപടിയിലെ ഒരു ലോഡ്ജിൽ നിന്നും 31-7-2002-ന് ഷിബിലി എന്ന ആളോടൊപ്പം രണ്ട് പെൺകുട്ടികളെ പോലീസ് പിടികൂടി. ഈ പെൺകുട്ടികളെ നീലച്ചിത്ര നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നു എന്ന് പരാതിപ്പെട്ടിരുന്നതിനാൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം തോപ്പുംപടി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഷിബിലിയേയും സഹായികളായി പ്രവർത്തിച്ചിരുന്ന നാസർ, ഷഹീർ, സന്തോഷ്, ഉണ്ണികൃഷ്ണൻ എന്നിവരേയും പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി അവരെ 15 ദിവസത്തേക്ക് റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുമായി മറ്റാർക്കെങ്കിലും ബന്ധമുണ്ടോ എന്ന് വിശദമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി പോലീസിന്റെ ഒരു സ്പെഷ്യൽ ടീമിനെത്തന്നെ നിയമിക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിരിക്കുകയാണ്.

### (2) പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സ്വകാര്യ മേഖലയ്ക്ക് കൈമാറുമ്പോൾ സംസ്ഥാന സർക്കാർ ഫാക്ടറിക്ക് നൽകിയ ഭൂമിയുടെ വില ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പാലക്കാട് പ്രവർത്തിച്ചു വരുന്ന പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ സ്വകാര്യവൽക്കരണം കേന്ദ്ര ഗവൺമെന്റ് ധൃതഗതിയിൽ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ കമ്പനി സ്വകാര്യമേഖലയ്ക്ക് കൈമാറുമ്പോൾ സംസ്ഥാന ഗവണ്മെന്റ് ഈ ഫാക്ടറിക്കുവേണ്ടി 1966-ൽ നൽകിയ 114 ഏക്കർ ഭൂമിയുടെ വില സംസ്ഥാനത്തിന് ലഭിക്കേണ്ടതാണ്. ഇക്കാര്യം ശ്രീ. എൻ. എൻ. കൃഷ്ണദാസ് എം.പി. മുഖ്യമന്ത്രിയുടേയും വ്യവസായ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അതിനുവേണ്ടുന്ന നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു എന്നാണ് മറുപടി പറഞ്ഞത്. എന്നാൽ വ്യവസായ വകുപ്പു സെക്രട്ടറി ഇതുസംബന്ധിച്ച് കേന്ദ്ര ഗവണ്മെന്റിന് അയച്ച കത്തിൽ സംസ്ഥാന ഗവണ്മെന്റ് ഈ ഭൂമി സൗജന്യമായി തരുന്നുവെന്ന് എഴുതിയിരിക്കുന്നതായി അറിയുന്നു. വ്യവസായ വകുപ്പു സെക്രട്ടറി അങ്ങനെ ഒരു കത്ത് അയച്ചത് ഗവണ്മെന്റിന്റെ അറിവോടു കൂടിയാണോ എന്നും എന്താണീകാര്യത്തിൽ സംഭവിച്ചതെന്നും വ്യക്തമാക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): മുഴുവൻ ഭൂമിയും കമ്പനിക്ക് വിട്ടുകൊടുത്തിട്ടില്ല. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന് നൽകിയ ഭൂമിയിൽ 55 ഏക്കറിൽ ശിഷ്ടം ഭൂമി തിരിച്ചെടുക്കാനും ബാക്കിയുള്ള ഭൂമി സംയുക്ത സംരംഭമായി ഫാക്ടറിയെ ഏൽപ്പിച്ചുനൽകാനുമാണ് ഏൽപ്പിച്ചിട്ടുള്ളത്. തുടർന്നുള്ള

നടപടികളെക്കുറിച്ചൊന്നും ഇപ്പോൾ അറിവായിട്ടില്ല. അവസാന വാക്ക് കേന്ദ്ര ഗവണ്മെന്റിന്റേതാണ്. അത് വരുമ്പോൾ പ്രതിപക്ഷനേതാവിനെ അറിയിക്കാം.

(3) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ഓഹരികൾ കൈമാറാനുള്ള സർക്കാർ തീരുമാനം

ശ്രീ. കെ. പി. രാജേന്ദ്രൻ: കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ മിൽമയുടെ 51 ശതമാനം ഓഹരികൾ എൻ.ഡി.ഡി.ബി.ക്ക് കൈമാറാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതിന്റെ ഫലമായി കേരളത്തിലെ ക്ഷീരകർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന് വില കുറയുകയും ഉപഭോക്താക്കൾ പാലിന് കൂടുതൽ വില കൊടുക്കേണ്ടിവരികയും ചെയ്യും. കേരളത്തിലെ ഈ പ്രസ്ഥാനത്തെ തകർക്കുകയും ക്ഷീരകർഷകരേയും സഹകരണ ജീവനക്കാരേയും ദുരിതത്തിലാഴ്ത്തുകയും ചെയ്യുന്ന ഈ നടപടിയിൽ നിന്ന് പിൻവാങ്ങണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): എൻ.ഡി.ഡി.ബി.യുടെ കീഴിൽ പ്രവർത്തിക്കുന്ന മദർ ഡയറിയുടെ ഒരു സബ്സിഡിയറി കമ്പനിയായി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പാൽ മാർക്കറ്റ് ചെയ്യാൻ വേണ്ടി മദർ ഡയറി ഫുഡ്സ് എന്ന ഒരു കമ്പനിയുണ്ടാക്കുന്നതിനെക്കുറിച്ചാണ് ചർച്ച ചെയ്തത്. അതിന്റെ എഗ്രിമെന്റ് ആയിട്ടില്ല. ഇതിൽ മദൂർ ഡയറി ഫുഡ്സ് 51%-ഉം മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ 49%-ഉം ഷെയർ എടുത്ത് മൂന്ന് യൂണിറ്റുകളിലൂടെ പാൽ വിതരണം ചെയ്യുന്നതിനാണ് ഈ കമ്പനി ഉണ്ടാക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏതാണ്ട് 62 ലക്ഷം ലിറ്റർ പാലിൽ 6.9 ലക്ഷം ലിറ്റർ പാൽ മാത്രമാണ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ വിതരണം ചെയ്യുന്നത്. നമുക്കുള്ള നെസ്ലെ, ബ്രിട്ടാണിയ തുടങ്ങിയവ മാർക്കറ്റിൽ ഇറങ്ങി കമ്പനികളുണ്ടാക്കി പാൽ വിതരണം നടത്തുന്നുണ്ട്. ഇതിനെ നേരിടുന്നതിനും മിൽമ നശിക്കാതിരിക്കാനുമുള്ള സംരംഭമാണ് മദർ ഡയറി ഫുഡ്സും മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും യോജിച്ചുകൊണ്ട് നടത്തുന്നത്.

(4) പരിയാരം 33 കെ. വി. സബ്സ്റ്റേഷൻ കമ്മിഷൻ ചെയ്യുന്നതിനും പയ്യന്നൂർ-പുഞ്ചക്കാട് വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമുള്ള നടപടി

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജിനടുത്തുള്ള 33 കെ.വി. സബ്സ്റേഷന്റെ പണി പൂർത്തിയാക്കി വിദ്യുച്ഛക്തി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : നിലവിലുള്ള തളിപ്പറമ്പ് 110 കെ.വി. സബ്സ്റ്റേഷനിൽ, 110 കെ. വി./33 കെ. വി./16 എം.വി.എസ്. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് അവിടെനിന്ന് 12 കിലോമീറ്ററിൽ 33 കെ. വി. ലൈൻ വലിച്ച് പരിയാരത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ 90% പണിയും പൂർത്തിയായി കഴിഞ്ഞു. 33 കെ.വി. ലൈനിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി സബ്സ്റ്റേഷൻ ഈ സാമ്പത്തിക വർഷം തന്നെ കമ്മിഷൻ ചെയ്യുന്നതാണ്.

(5) കേരളത്തിലെ പ്രൈവറ്റ് മെഡിക്കൽ ലബോറട്ടറി ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. സി. പി. മുഹമ്മദ്: പ്രൈവറ്റ് മേഖലയിലെ ക്ലിനിക്കൽ ലബോറട്ടറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുവേണ്ടി ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സമഗ്രമായ ഒരു നിയമനിർമ്മാണം വരുന്നതുവരെ സ്വകാര്യ ലബോറട്ടറികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രശ്നങ്ങൾ സർക്കാർ തലത്തിൽ പരിഹരിക്കാൻ കഴിയുകയില്ല. അവരുടെ ക്ഷേമപദ്ധതികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(6) ശിവന്റെ കൊലപാതകം

ശ്രീ. സി. കെ. നാണു: പാലക്കാട്-ചിറ്റൂർ-അയ്യപ്പൻകാവ് വാർഡിലെ ജനതാദൾ പ്രസിഡന്റ് ശിവനെ ജൂലൈ 30-ാം തീയതി വൈകുന്നേരം ജീപ്പിടിച്ച് കൊലപ്പെടുത്തിയ അക്രമികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുകയും ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഇക്കാര്യത്തെ സംബന്ധിച്ച് വളരെ ഗൗരവമായി തന്നെ അന്വേഷണം നടത്തിവരികയാണ്. ഇപ്പോൾ തന്നെ മൂന്ന് കേസുകൾ എടുത്തുകഴിഞ്ഞു. വിരലടയാള വിദഗ്ദ്ധരും സയന്റിഫിക് അസിസ്റ്റന്റുമാരും വാഹനം പരിശോധിക്കുകയും അതിലുണ്ടായിരുന്ന മാരകായുധങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് ചിറ്റൂർ സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(7) തൃശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ ജലസേചനത്തിന് മുടങ്ങിക്കിടക്കുന്ന ആറ് സ്കീമുകൾ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പോൾസൺ മാസ്റ്റർ: തൃശൂർ ജില്ലയിലെ 30,000 ഹെക്ടർ വരുന്ന കോൾ നിലങ്ങളിലെ ജലവിതരണത്തിനാവശ്യമായ കെ.എൽ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): തൃശൂർ കോൾ കർഷക മേഖലയ്ക്കാവശ്യമായ ജലസേചന പദ്ധതിക്കുവേണ്ടി 53 കോടി രൂപ ചെലവാക്കി കഴിഞ്ഞു. ആറ് പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളതിൽ ഒരെണ്ണം ഹൈക്കോടതി സ്റ്റേയിലാണ്. മറ്റ് അഞ്ച് പ്രവൃത്തികളുടേയും പണികൾ എത്രയുംവേഗം പൂർത്തിയാക്കുന്നതും ഹൈക്കോടതി സ്റ്റേയുള്ള മുല്ലശ്ശേരി കനാലിന്റെ പണി കേസ് തീരുന്ന മുറയ്ക്ക് പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

(8) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ 9 പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി

ശ്രീ. എ.കെ. ബാലൻ : കുഴൽമന്ദം നിയോജകമണ്ഡലത്തിലെ 9 പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ബൃഹത്തായ ഒരു ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം നൽകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): എൻ.സി.പി.സി. വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 175 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അരൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതികളിൽ മിക്കതും പൂർത്തിയായിട്ടുണ്ട്, ബാക്കിയുള്ള പദ്ധതികളുടെ പണികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എരുമയൂർ ഗ്രാമപഞ്ചായത്തിൽ വാട്ടർ സപ്ലൈ സ്കീം പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള പഞ്ചായത്തുകളിൽ ശുദ്ധജലമെത്തിക്കുവാൻ ബൃഹത്തായ സർവ്വേ നടത്തിക്കൊണ്ടിരിക്കുകയാണ്.

(9) അഗളി, അലനല്ലൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. കളത്തിൽ അബ്ദുള്ള: മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അഗളി, അലനല്ലൂർ പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയെങ്കിലും അതിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അതിനുവേണ്ട നടപടി സ്വീകരിക്കണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 5 ഡോക്ടർമാരുടെ തസ്തികയുള്ളതിൽ ഒരു സിവിൽ സർജന്റെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകിയെങ്കിൽ മാത്രമേ പൂർണ്ണ തോതിൽ ഇതിന്റെ പ്രവർത്തനം നടത്താൻ കഴിയുകയുള്ളു. അലനല്ലൂർ പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടില്ല. സാമ്പത്തിക പ്രതിസന്ധിമൂലം കൂടുതൽ അടിസ്ഥാന സൗകര്യമുണ്ടാക്കുന്നതിനോ അധിക തസ്തിക സൃഷ്ടിക്കുന്നതിനോ കഴിയുകയില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(10) കേരളം നേരിടുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: മഴ ലഭിക്കാത്തതുമൂലം ഹൈഡൽ പ്രോജക്ടുകളിലെ ജലസംഭരണികളിൽ ഏതാനും ദിവസത്തേക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ജലം മാത്രമേയുള്ളു. അതിനാൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയെ നേരിടുന്നതിന് ബദൽ സംവിധാനമേർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): കേരളം നേരിടുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് സംസ്ഥാനത്തെ നിലവിലുള്ള താപ വൈദ്യുതി നിലയങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും 400 മെഗാവാട്ട് അധികമായി ലഭ്യമാക്കുന്നതിനും സമ്മർദ്ദം ചെലുത്തുന്നുണ്ട്. തെർമ്മൽ പ്ലാന്റ് പ്രവർത്തിപ്പിച്ച് ലഭ്യമാക്കുന്ന വൈദ്യുതിക്ക് വില കൂടുതലായിരിക്കും. അതുംകൂടി ഉപഭോക്താക്കൾ സ്വീകരിക്കണം.

(11) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെയുള്ള ജീവൻ രക്ഷാ പ്രവർത്തനങ്ങൾ

ശ്രീ. ടി. എൻ. പ്രതാപൻ: മത്സ്യബന്ധനത്തിനിടയിൽ കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ ജീവൻ രക്ഷാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): ജീവൻ രക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി കൊച്ചി ആസ്ഥാനമായുള്ള കോസ്റ്റ് ഗാർഡ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകാൻ തയ്യാറായിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരുടെ വിവരം ശേഖരിക്കുവാൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന ഫിഷറീസ് വകുപ്പിന്റെ കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിന് ആധുനിക ആശയവിനിമയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ കാര്യത്തിലൊക്കെ അവർക്ക് ട്രെയിനിംഗും കൊടുക്കുന്നുണ്ട്.

(12) ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽ കേരള ലിമിറ്റഡിന് വർക്കിംഗ് ക്യാപ്പിറ്റൽ ഇല്ലാത്തതുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ

ശ്രീ. പി. ജെ. ജോയി: ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽ കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ട്രാൻസ്ഫോർമർ ഉൽപ്പാദിപ്പിക്കുന്നതിന് വിദേശത്തുനിന്നും ധാരാളം ഓർഡറുകൾ ലഭിക്കുന്നുണ്ടെങ്കിലും വർക്കിംഗ് ക്യാപ്പിറ്റൽ ഇല്ലാത്തതുകൊണ്ട് അതിന്റെ പ്രവർത്തനം മന്ദീഭവിക്കുന്നു. ഗവൺമെന്റ് മുൻകൈയെടുത്ത് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നോ ഗവൺമെന്റിൽ നിന്നോ വർക്കിംഗ് ക്യാപ്പിറ്റൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ടെൽക്കിന്റെ പ്രവർത്തനം ഇപ്പോൾ ഇംപ്രൂവ് ചെയ്തിട്ടുണ്ട്. ഓർഡറുകൾ ക്യാരി ഓവർ ചെയ്യാൻ കഴിയുമെന്നുള്ള ശുഭപ്രതീക്ഷ ടെൽക്കിനുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നുള്ളത് ഗവൺമെന്റ് സജീവമായി പരിഗണിക്കാം.

(13) കുന്നംകുളം നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടേയും രണ്ട് പബ്ലിക് ഹെൽത്ത് സെന്ററുകളുടേയും ശോച്യാവസ്ഥ

ശ്രീ. ടി. വി. ചന്ദ്രമോഹൻ: കുന്നംകുളം നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുപോലെ

പബ്ലിക് ഹെൽത്ത് സെന്ററിന്റെ ചുമതല മിനിസിപ്പാലിറ്റിക്കാണ് എന്ന കാരണം പറഞ്ഞുകൊണ്ട് അവിടെ മോണിറ്ററിംഗ് നടക്കുന്നില്ല. സ്ഥിരമായി ഒരു ഉദ്യോഗസ്ഥനെ അവിടെ നിയമിച്ച് ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം നല്ല രീതിയിൽ നടത്തുന്നതിനാവശ്യമായ ഒരു മോണിറ്ററിംഗ് നടത്താൻ ഗവൺമെന്റ് നിർദ്ദേശം നൽകണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): കുന്നംകുളം നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രിയിൽ 380 പേർക്ക് ഒ.പി. വിഭാഗത്തിലും 60 പേർക്ക് ഐ.പി. വിഭാഗത്തിലും ചികിത്സ നൽകിവരുന്നു. ലബോറട്ടറി, എക്സ്റേ സൗകര്യങ്ങൾ നിലവിലുണ്ട്. ഓപ്പറേഷൻ തീയേറ്ററിന്റെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. 10 ഡോക്ടർമാരുടെ സേവനം ലഭ്യമായ ഈ ആശുപത്രിയിൽ 5 സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുണ്ട്. 11 ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ട്. അവിടത്തെ മറ്റ് ആരോഗ്യകേന്ദ്രങ്ങളിലെല്ലാം ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. മരുന്ന് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഒഴിവുകൾ നികത്താനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപടി സ്വീകരിക്കുന്നതാണ്.

## (14) ആലത്തൂർ പട്ടത്തിലെ ശുദ്ധജലവിതരണ പദ്ധതിയിലുണ്ടായ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. ചെന്താമരാക്ഷൻ: ശുദ്ധജല വിതരണത്തിലുള്ള അപാകതകൾ കാരണം ആലത്തൂർ പട്ടണത്തിൽ സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുവാൻ പ്രഷർ ഫിൽറ്റർ പദ്ധതിയുടെ പണി അടിയന്തിരമായി പൂർത്തീകരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഈ പദ്ധതി 1-6-2002-ന് ആലത്തൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയെങ്കിലും ഇതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുവേണ്ടി 2 എം. എൽ.ഡി. ശുദ്ധീകരണ ശേഷിയുള്ള പ്രഷർ ഫിൽറ്റർ, സെമി ഫിൽറ്ററേഷൻ ഗ്യാലറി എന്നിവ 25 ലക്ഷം രൂപ മുടക്കി സ്ഥാപിച്ചിട്ടുണ്ട്. ഫിൽറ്റർ സംവിധാനം നിലവിൽ വന്നതോടെ ജലത്തിന്റെ ഗുണമേന്മ മെച്ചപ്പെട്ടിട്ടുണ്ടെന്നാണ് റിപ്പോർട്ട്. മണൽ വാരൽ കൊണ്ട് കേടുപാടുകൾ സംഭവിച്ച തടയണ കൂടി നന്നാക്കിക്കൊടുക്കാനുള്ള നടപടിയും ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുണ്ട്.

## (15) വിമാനങ്ങളിൽ ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ വിൽപ്പന നികുതി കുറയ്ക്കൽ

ശ്രീ. സി. മമ്മൂട്ടി: വിമാനത്തിൽ ഉപയോഗിക്കുന്ന ഇന്ധനത്തിന് കേരളത്തിൽ 39.1 ശതമാനം വിൽപ്പന നികുതി ഈടാക്കുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽ ഈടാക്കുന്ന വില്പന നികുതി കേവലം നാലു ശതമാനം മാത്രമാണ്. കേരളത്തിലെ വിൽപ്പന നികുതി കുറയ്ക്കുകയാണെങ്കിൽ വിമാനയാത്രക്കൂലിയിൽ മാറ്റം വരുത്താമെന്ന കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപനം കണക്കിലെടുത്ത് ഉചിതമായ നടപടികൾ സ്വീകരിക്കണം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): സംസ്ഥാന ഗവൺമെന്റ് നിരന്തരമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടുത്തകാലത്ത് എയർ ഇൻഡ്യ വിമാനക്കൂലിയിൽ ചെറിയൊരു കുറവ് വരുത്തിയിട്ടുണ്ട്. ഇന്റർ നാഷണൽ ഫ്ളൈറ്റ് ഓപ്പറേഷൻസിൽ ഉപയോഗിക്കുന്ന ഏവിയേഷൻ ഓയിൽ എക്സ്പോർട്ട് ഐറ്റമായി കണക്കാക്കി നികുതിയിൽ നിന്നൊഴിവാക്കാൻ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നതായി സംസ്ഥാന ഗവൺമെന്റ് അറിയുന്നു. ഇക്കാര്യം എയർ ഇൻഡ്യയുമായി ചർച്ച ചെയ്യുന്നതാണ്.

(16) നെടുമങ്ങാട് റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: നെടുമങ്ങാട് താലൂക്കിൽ മുപ്പത്തിയഞ്ചോളം സർക്കാരാഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ 1995–ൽ നെടുമങ്ങാട് പണി ആരംഭിച്ച റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നെടുമങ്ങാട് റവന്യൂ ടവറിന്റെ പണി 20 മാസംകൊണ്ട് പൂർത്തിയാക്കാമെന്നായിരുന്നു കരാർ. 2001–നുശേഷം ഇതുവരെയായി പണി നിർത്തിവച്ചിരുന്നതുകൊണ്ട് 19–7–2002–ൽ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചു. പുതിയ ടെൻഡർ ഉറപ്പിച്ചു കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനം വളരെവേഗം പൂർത്തിയാക്കാൻ സാധിക്കും.

(17) മൂവാറ്റുപുഴ "ലതാ തിയേറ്റർ" ആക്രമണം

ശ്രീ. ജോണി നെല്ലൂർ : 30–7–2002–ന് രാത്രി 7 മണിക്ക് സിനിമാ പ്രദർശനം നടന്നു കൊണ്ടിരുന്ന മൂവാറ്റുപുഴ ലതാ തിയേറ്ററിൽ ഒരു സംഘം ആളുകൾ കടന്നു കയറി ആക്രമണം നടത്തിയതിനുശേഷം 'അയ്യങ്കാളിപ്പട സിന്ദാബാദ്' എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ട് ഓടി രക്ഷപ്പെട്ടു. ഇത്തരം പ്രവണത ആവർത്തിക്കാതിരിക്കാൻ കുറ്റവാളികളെ ഉടനെ കസ്റ്റഡിയി ലെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഈ കേസുമായി ബന്ധപ്പെട്ട് ഒരു പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി അയാളെ റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റു പ്രതികളെ കസ്റ്റഡിയിലെടുക്കുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം മൂവാറ്റുപുഴ സർക്കിൾ ഇൻസ്പെക്ടർ നടത്തിക്കൊണ്ടിരിക്കുകയാണ്.

(18) കാസർകോഡ് ജില്ലയിൽ പകർച്ചവ്യാധികൾ തടയുന്നതിന് നടപടി

ശ്രീ. സി. ടി. അഹമ്മദ് അലി: പകർച്ച വ്യാധികൾമൂലം കാസർകോഡ് ജില്ലയിൽ നിരവധി പേർ മരണമടയുകയും ധാരാളം പേർ വിവിധ ആശുപത്രികളിലാവുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന ഒരു ടീമിനെ അയച്ച് ഇപ്പോഴും പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന പകർച്ച വ്യാധികൾ തടയുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): കാസർകോഡ് ജില്ലയിൽ 2002 ജൂൺ മുതൽ 15612 പേർക്ക് ഛർദ്ദി–അതിസാരവും ഇതിൽ 6 പേർക്ക് കോളറയും ബാധിച്ചുവെങ്കിലും ഈ രോഗംമൂലം ആരും മരണമടഞ്ഞിട്ടില്ല. ജില്ലയിലെ വയറിളക്ക രോഗബാധ തടയുന്നതിന് നാലു ലക്ഷത്തി അറുപതിനായിരം രൂപയും മറ്റു പകർച്ചവ്യാധികൾ തടയുന്നതിന് 4 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ജില്ലയിലെ ചില ഭാഗങ്ങളിൽ മലമ്പനി പടർന്നുപിടിക്കുകയും ഒരാൾ മരണമടയുകയും ചെയ്തിട്ടുണ്ട്. ഈ രോഗബാധയെ സംബന്ധിച്ച് ആരോഗ്യവകുപ്പുദ്യോഗ സ്ഥന്മാർ വിശദമായ പഠനം നടത്തി രോഗ നിവാരണത്തിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു 'എപ്പിഡെമിക് സെൽ ' കാസർകോഡ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(19) ''ക്രോംപ്ടൺ ഗ്രീവ്സ് '' കമ്പനി അടച്ചുപൂട്ടുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എം. എ. ചന്ദ്രശേഖരൻ: അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ''ക്രോംപ്ടൺ ഗ്രീവ്സ് '' കമ്പനിക്ക് ഗവൺമെന്റ് മുമ്പ് നൽകിയ സ്ഥലം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു റവന്യൂ സെക്രട്ടറി നൽകിയ രഹസ്യ ഉത്തരവ് പ്രകാരം മറ്റാർക്കോ കൈമാറുന്നതിന്റെ ഫലമായി തൊഴിലാളികൾ നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സ്ഥലം കൈമാറ്റത്തെക്കുറിച്ച് എഴുതിത്തന്നിട്ടില്ലാത്തതിനാൽ അതിനുള്ള മറുപടി പിന്നീട് പരിശോധിച്ചു പറയാം. ആറു മാസമായി ലേ ഓഫ് പ്രഖ്യാപിച്ചിട്ടുള്ള കമ്പനി ഇപ്പോൾ ക്ലോഷർ നോട്ടീസ് കൊടുത്തിരിക്കുകയാണ്. കമ്പനി അടച്ചുപൂട്ടിയതുമൂലമുണ്ടായിട്ടുള്ള തൊഴിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് തൊഴിൽ വകുപ്പുമന്ത്രി 1–8–2002–ൽ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. വിശദാംശങ്ങൾ അന്വേഷിക്കാം.

(20) മോട്ടോർ വാഹനങ്ങൾ റെന്റ് അടിസ്ഥാനത്തിൽ നൽകുന്നത് നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. കെ. ദേവകുമാർ: മോട്ടോർ വാഹനങ്ങൾ ദിവസ വാടകയ്ക്ക് നൽകുന്ന ഒരു പുതിയ സംവിധാനം സംസ്ഥാനത്ത് വ്യാപകമായതിന്റെ ഫലമായി വാഹനമോടിക്കാൻ വേണ്ടത്ര പരിചയമില്ലാത്തവരും വാഹനം ഓടിക്കാൻ പഠിക്കുന്നവരും വാടകയ്ക്കെടുത്ത വാഹനങ്ങളുമായി പ്രധാന നിരത്തുകളിൽ പ്രവേശിക്കുന്നതിന്റെ ഫലമായി ധാരാളം അപകടങ്ങളും മരണങ്ങളും ഉണ്ടാകുന്നുണ്ട്. ഇത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ്കുമാർ): "റെന്റ് –എ–കാർ" വ്യവസ്ഥ പ്രകാരം ലൈസൻസുള്ളവർ മാത്രമേ വാഹനങ്ങൾ വാടകയ്ക്ക് നൽകാൻ പാടുള്ളു. കേരളത്തിൽ ആർക്കും ഇത്തരം ലൈസൻസില്ല. വിദേശത്തു നിന്നും അവധിക്കു വരുന്നവർ വാഹനങ്ങൾ

വാടകയ്ക്ക് ഡ്രൈവർമാരെ വച്ച് ഓടിക്കുന്നുണ്ട്. നിയമവിരുദ്ധമായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ നടപടി എടുക്കുന്നുണ്ടെങ്കിലും വേണ്ടത്ര തെളിവുകളുടെ അഭാവത്തിൽ ശിക്ഷാനടപടികൾ ഫലപ്രദമാകുന്നില്ല. വാടകയ്ക്കെടുക്കുന്ന വാഹനങ്ങൾ എണ്ണത്തിൽ കുറവായതിനാലും അവ ഓടിക്കുന്നത് ലൈസൻസുള്ള ഡ്രൈവർമാരായതിനാലും അതുമൂലം അപകടങ്ങൾ കൂടുന്നു എന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. നിയമവിരുദ്ധമായി വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ കർശന നടപടികൾ എടുക്കാൻ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(21) <u>കാപ്പി–കുരുമുളക് കർഷകർക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് അനുസരിച്ചുള്ള ആനുകൂല്യം</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ</u>: കാപ്പി–കുരുമുളക് കർഷകർക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് അനുസരിച്ച് പണം അനുവദിക്കാൻ ഏതാനും ആഴ്ചകൾക്കുമുമ്പ് മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തെങ്കിലും കർഷകർക്ക് ഇതുവരെയും പണം കിട്ടിയിട്ടില്ല. എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്ക്സ് ഡിപ്പാർട്ടുമെന്റിന്റെ കണക്കുകളനുസരിച്ച് 2 ഹെക്ടർ വരെയുള്ള കർഷകർക്ക് ഏക്കറേജ് അടിസ്ഥാനത്തിൽ തുക വീതം വച്ചു നൽകുന്നതിന് സത്വര നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. ആർ ഗൗരിയമ്മ):</u> പഞ്ചായത്തും റവന്യൂ ഡിപ്പാർട്ടുമെന്റും കൂടി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തേണ്ട കർഷകരുടെ പേരുവിവരം നൽകുന്നതിൽ കാലതാമസം വരുത്തിയതുകൊണ്ടും ബഡ്ജറ്റിൽ ഹെഡ് ഇല്ലാതെ വന്നതു കൊണ്ടുമാണ് ഇത് കുറച്ചു നീണ്ടുപോയത്. ഇപ്പോൾ ബഡ്ജറ്റിൽ ഹെഡ് കൊണ്ടുവന്ന് സപ്ലിമെന്ററി ഗ്രാന്റ് പാസ്സാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേരുകൾ ലഭിക്കുന്ന മുറയ്ക്ക് പണത്തിന്റെ ലഭ്യതയനുസരിച്ച് തുക വിതരണം ചെയ്യുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യ വിവരപ്പട്ടികയിലെ 3–ാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## ക്രമപ്രശ്നം

<u>ഭേദഗതികൾ താമസിച്ചു വിതരണം ചെയ്തതു സംബന്ധിച്ച്</u>

<u>ശ്രീ. കെ.പി. രാജേന്ദ്രൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002–ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബില്ലിനുള്ള ഭേദഗതികൾ ഇന്നു രാവിലെ കിട്ടിയതുകാരണം അവരവരുടെ ഭേദഗതികൾ ഒന്നു വായിച്ചു മനസ്സിലാക്കാൻപോലും സമയം കിട്ടിയിട്ടില്ല എന്ന കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 23–ാം തീയതി അവതരിപ്പിച്ച ബില്ല് 25–ാം തീയതി തുടർ ചർച്ചയ്ക്കുശേഷം സബ്ജക്ട് കമ്മിറ്റിക്ക്

വിട്ടതാണ്. വകുപ്പു തിരിച്ചുള്ള ചർച്ച നടക്കുന്ന ദിവസം രാവിലെ സഭയിൽ വരുമ്പോൾ ഭേദഗതികൾ അംഗങ്ങൾക്ക് കിട്ടിയാൽ വായിച്ചുനോക്കാൻ ആവശ്യമായ സമയം കിട്ടുകയില്ല. അതുപോലെതന്നെ മലയാളത്തിൽ അവതരിപ്പിച്ച ബില്ല് ഇപ്പോൾ ഇംഗ്ലീഷിൽ മാറ്റിയിരിക്കുന്നതുതന്നെ തെറ്റായ നടപടിക്രമമാണ്. മൂലനിയമം വരുമ്പോൾ മലയാളത്തിലായിരിക്കണമെന്ന് റൂളിംഗ് വരെയുള്ളതാണ്. ഈ ബിൽ ഇംഗ്ലീഷിലാക്കിയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കണം. നിയമ നിർമ്മാണത്തിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്ന ഇത്തരം നടപടികൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ പ്രത്യേകം നിർദ്ദേശം നൽകണം.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി (ശ്രീ. എം.എം. ഹസ്സൻ): ബില്ലിന്റെ ചർച്ചാവേളയിൽ അംഗങ്ങൾക്ക് പ്രസംഗിക്കാൻ ആവശ്യാനുസരണം സമയം നൽകാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സമ്മതിച്ചതാണ്. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിലെടുത്ത തീരുമാനത്തിന് വിരുദ്ധമായി പ്രതിപക്ഷം സഭയിൽ വന്ന് നിയമനിർമ്മാണ പ്രക്രിയയിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയും സഭാ നടപടികൾ സ്തംഭിപ്പിച്ച് നടുത്തളത്തിലിറങ്ങി ബഹളം വയ്ക്കുകയും ചെയ്തതിനുശേഷം ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. 2002–ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാതെ നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ച പ്രതിപക്ഷത്തിന് മലയാളത്തിലവതരിപ്പിച്ച 2002–ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ ഇംഗ്ലീഷിലാക്കിയതിന് ഒരു തരത്തിലും ഗവൺമെന്റിനെ കുറ്റപ്പെടുത്താനുള്ള ധാർമ്മികമായ ഉത്തരവാദിത്വമില്ല.

മി .സ്പീക്കർ: ബിൽ ഇംഗ്ലീഷിലാക്കിയതിന്റെ കാരണമെന്താണെന്ന് മന്ത്രി പറയും.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബുദിവാകരൻ): 1978–ൽ ഇംഗ്ലീഷിൽ അവതരിപ്പിച്ച ചുമട്ടു തൊഴിലാളി ക്ഷേമനിധി ബിൽ ആണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇതൊരു ഭേദഗതി നിയമമല്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടെ ബിൽ ഇൻട്രൊഡ്യൂസ് ചെയ്തത് ഇംഗ്ലീഷിലാണ്. അതോടൊപ്പംതന്നെ ബില്ലിന്റെ മലയാളം തർജ്ജിമയും കൊടുക്കുന്നതാണെന്നും അറിയിച്ചിരുന്നു. അത് കൊടുത്തിട്ടുമുണ്ട്.

മി. സ്പീക്കർ: സാവകാശം കിട്ടിയിരുന്നുവെങ്കിൽ ഭേദഗതികളുടെ കോപ്പികൾ അംഗങ്ങൾക്ക് നേരത്തെ കൊടുക്കാൻ കഴിയുമായിരുന്നു. ചർച്ചയുടെ തലേ ദിവസം ഭേദഗതികൾ കൊടുക്കുന്ന നടപടി ഇന്നുണ്ടായതല്ല; ഇതിനുമുൻപും ചർച്ചയുടെ അന്നു കാലത്ത് ഭേദഗതികൾ വിതരണം ചെയ്തിട്ടുണ്ട്. അതിനൊരു പ്രത്യേകതയുമില്ല. ഈ ബിൽ കൊണ്ടുവന്നതിന് ചില പർപ്പസ്സുണ്ട്. അതു സെർവ് ചെയ്യുന്നതിനുവേണ്ടിയാണ് ഈ ബിൽ ഇംഗ്ലീഷിൽ കൊണ്ടുവന്നത്. കൂടുതൽ ആളുകൾ ഇവിടെ വന്ന് മുതൽമുടക്കി വ്യവസായം തുടങ്ങണമെന്നതാണ് ഈ ബില്ലിന്റെ പ്രധാന ഉദ്ദേശം. ഇവിടെ വ്യവസായ മേഖലയിൽ കയറ്റിറക്കുമതി രംഗത്തുള്ള ചീത്തപ്പേര്

മാറ്റണമെന്നതാണ് ഈ ബില്ലിന്റെ ആവശ്യം എന്നു പറഞ്ഞതുകൊണ്ടാണ് ബിൽ ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ അനുമതി കൊടുത്തത്. അതിന്റെ മലയാളം തർജ്ജിമയും കൊടുത്തിട്ടുണ്ട്.

ശ്രീ. എ.കെ. ബാലൻ: ബഹുമാനപ്പെട്ട സ്പീക്കറുടെ അധികാരം മന്ത്രി കവർന്നെടുത്ത് സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ ബില്ലിന്റെ ടൈറ്റിലും പ്രിയാമ്പിളും മാറ്റിയത് നടപടിക്രമത്തിന് വിരുദ്ധമാണ്. വകുപ്പു തിരിച്ചുള്ള ചർച്ചയുടെ അവസാനം മന്ത്രിയുടെ ഭാഗത്തുനിന്നും വരേണ്ട മാറ്റമാണത്. അതുകൊണ്ട് നടപടിച്ചട്ടം 94 (സി) പ്രകാരം ഈ ബിൽ അങ്ങനെതന്നെ പിൻവലിച്ച് ഈ ഭേദഗതിയോടുകൂടി പുന:പ്രസിദ്ധീകരിച്ച് സഭയിൽ കൊണ്ടുവരേണ്ടതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ അധികാരം കവർന്നെടുത്ത് ഒരു രൂപത്തിലും ഈ ബിൽ അവതരിപ്പിക്കാൻ ബന്ധപ്പെട്ട മന്ത്രിക്ക് അധികാരമില്ല.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ഈ ബിൽ പഴയ ടൈറ്റിലും പ്രിയാമ്പിളും വച്ചുതന്നെയാണ് അവതരിപ്പിച്ചിട്ടുള്ളത്. അതിനുള്ള അധികാരം ചെയറിന്റെ ഡിസ്ക്രിഷനാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രസിദ്ധീകരിച്ച കാര്യപരിപാടിയനുസരിച്ച് രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്കുശേഷം 12.30 വരെ നിയമനിർമ്മാണകാര്യമാണ്. അനൗദ്യോഗികാംഗങ്ങളുടെ ഇന്നത്തെ ദിവസം മാറ്റിവച്ച് ആ ദിവസം നിയമനിർമ്മാണത്തിനുവേണ്ടി എടുക്കേണ്ട അസാധാരണമായ സ്ഥിതിവിശേഷം ഉണ്ടാക്കേണ്ട കാര്യമുണ്ടായിരുന്നില്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റി വിളിച്ചുകൂട്ടി ഇതു സംബന്ധിച്ച് തീരുമാനിക്കാതെ നിയമസഭയിലെ ഭൂരിപക്ഷം ദുർവിനിയോഗം ചെയ്ത് അസാധാരണമായ ഒരു കീഴ്വഴക്കം സൃഷ്ടിക്കുകയാണ് ഇപ്പോൾ ചെയ്തത്. എണ്ണൂറോളം ഭേദഗതികൾ കൊടുത്തിട്ടുള്ള, ഇരുപക്ഷങ്ങൾക്കും വിയോജിപ്പുള്ള ഒരു പുതിയ നിയമം, ഇന്ന് സഭ പിരിയുന്നുവെങ്കിൽ, രണ്ടു മണിക്കൂർകൊണ്ട് ചർച്ച ചെയ്ത് പാസ്സാക്കുന്നത് ശരിയല്ല. 7-ാം തീയതിവരെ സഭ ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. ഇന്ന് സഭ പിരിയുന്നില്ലെങ്കിൽ രണ്ടോ മൂന്നോ ദിവസമെടുത്ത് ചർച്ചചെയ്യേണ്ട പ്രധാനപ്പെട്ട ഒരു ബില്ലാണിത്. പുറത്തുള്ള ആളുകൾക്ക് അയച്ചുകൊടുക്കേണ്ട ബില്ലാണിതെന്നാണ് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത്.

മി. സ്പീക്കർ: തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടണമെന്ന ഉദ്ദേശത്തോടുകൂടി, ഇവിടെ കൂടുതൽ വ്യവസായമുണ്ടാകണമെന്നതുകൊണ്ട് ഈ ബിൽ ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ അനുവാദം കൊടുത്തു് എന്നാണ് ചെയർ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് കൂടുതൽ വ്യവസായങ്ങൾ വന്ന് തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണണമെന്ന് ചെയറിനും ആഗ്രഹമുള്ളതുകൊണ്ടാണ് ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ അനുവദിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത്രയും പ്രധാനപ്പെട്ട ഒരു ബിൽ രണ്ടു മണിക്കൂർകൊണ്ട് ചർച്ചചെയ്ത് പാസ്സാക്കിയെടുക്കേണ്ട അസാധാരണ

സ്ഥിതിവിശേഷമെന്താണെന്ന് വ്യക്തമാക്കണം. .ഈ ബിൽ ഇന്നുതന്നെ തിടുക്കത്തിൽ പാസ്സാക്കാതെ വിശദമായി ചർച്ച ചെയ്തു പാസ്സാക്കുന്നതിനുള്ള അവസരമുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): ഇക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ നിലപാടിനെക്കുറിച്ച് നിയമസഭാ സമ്മേളനം ആരംഭിച്ചപ്പോൾത്തന്നെ പറഞ്ഞിട്ടുള്ളതാണ്. ബില്ലുകൾ തിടുക്കത്തിൽ പാസ്സാക്കാതെ പരമാവധി സമയമെടുത്ത് ചർച്ച ചെയ്യണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ രണ്ടു ദവസത്തെ വിശദമായ ചർച്ചയ്ക്കുശേഷം സബജക്ടു കമ്മിറ്റിക്ക് വിട്ടത്. ആ ചർച്ചയിൽ പ്രതിപക്ഷത്തിനു തന്നെയാണ് കൂടുതൽ സമയം ലഭിച്ചത്. കേരളത്തെക്കുറിച്ച് ഇൻഡ്യയ്ക്കകത്തും പുറത്തും നിലനില്ക്കുന്ന തെറ്റായ ധാരണ മാറ്റിയെടുക്കേണ്ടതായിട്ടുണ്ട്. ഇത് കേരള സംസ്ഥാനത്തിന് ഭൂഷണമല്ല. തൊഴിലില്ലായ്മയുടെ കാര്യത്തിൽ കേരളം ഏറ്റവും മുൻപന്തിയിലാണെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിൽ മുതൽമുടക്കാൻ തയ്യാറായി വരുന്നവർക്ക് അതിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കിക്കൊടുത്തെങ്കിലേ പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. വിവരസാങ്കേതികവിദ്യാ രംഗത്ത് കേരളത്തിൽ മുതൽമുടക്കാൻ വിദേശ കമ്പനികൾ ഒരു പരീക്ഷണംകൂടി നടത്താൻ തയ്യാറാണെന്നാണ് ഗവൺമെന്റിന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇവിടെ നിലനിൽക്കുന്ന റെഡ്ടേപ്പിസം അവസാനിപ്പിച്ച് ശാന്തമായ തൊഴിലന്തരീക്ഷം ഉണ്ടാക്കിയാൽ മാത്രമേ കേരളത്തിൽ മുതൽമുടക്കാൻ വ്യവസായികൾ മുന്നോട്ടു വരികയുള്ളൂ എന്നുള്ള സൂചനയാണ് ഗവൺമെന്റിന് ലഭിച്ചിട്ടുള്ളത്. ഈ അനുകൂല സാഹചര്യം നമ്മൾ പരമാവധി പ്രയോജനപ്പെടുത്തണം. കേരളത്തിലെ വ്യവസായ-വിനോദ സഞ്ചാര-ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം മഹത്തായ പുരോഗതി കൈവരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുന്നതിനും ഈ ബിൽ വളരെ സഹായകരമായിരിക്കും. കേരളത്തിൽ ഒരു അടിത്തറ ഉണ്ടാക്കി എടുക്കുന്നതിന് സഹായകരമായ ഈ ബിൽ പാസ്സാക്കുന്നതിന് പ്രതിപക്ഷം സഹകരിക്കണം. തൊഴിലാളികളുടെ മുഴുവൻ താൽപ്പര്യങ്ങളും പരിരക്ഷിക്കുന്നതിന് ഈ ബില്ലിൽ മുൻഗണന കൊടുക്കും. തൊഴിൽ രംഗത്ത് തൊഴിലാളികൾ അപകടകരമായ ശൈലി പിന്തുടർന്നു വരുന്നത് നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. കേരളത്തിൽ തൊഴിൽരംഗത്ത് പിടിച്ചുപറി സംസ്ക്കാരം നിലനില്ക്കുന്നു എന്നുള്ള ധാരണ മാറ്റിയെടുക്കുന്നതിന് ഈ ബിൽ ഉപകരിക്കും. ഈ ബിൽ ഇന്ന് 12.30-നുതന്നെ പാസ്സാക്കണമെന്ന അഭിപ്രായം ഗവൺമെന്റിന് ഇല്ല, ഇന്നു വൈകുന്നേരംവരെ ഇരുന്ന് ചർച്ച ചെയ്ത് പാസ്സാക്കാം. പ്രതിപക്ഷം സഹകരിക്കണം. ഗവൺമെന്റിന് ഇക്കാര്യത്തിൽ തുറന്ന മനസ്സാണുള്ളത്.

മി. സ്പീക്കർ: ഇന്ന് സഭ 12.30-ന് പിരിഞ്ഞശേഷം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് വീണ്ടും ചേരുന്നതാണ്.

## നിയമനിർമ്മാണ കാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തി യുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി.പി. രാമകൃഷ്ണൻ: ബില്ലിനെ എതിർക്കുന്നു. ചരിത്രപ്രാധാന്യമുള്ള ഒട്ടേറെ നിയമങ്ങൾക്ക് രൂപം നൽകിയിട്ടുള്ള ഒരു നിയമസഭയാണ് കേരള നിയമസഭ. നിയമനിർമ്മാണ രംഗത്ത് കേരളം കൈവരിച്ചിട്ടുള്ള മഹത്തായ നേട്ടങ്ങളെ തകിടം മറിക്കുന്നവിധത്തിൽ തൊഴിലാളി കൾക്കെതിരായ ഒരു നിയമനിർമ്മാണമാണിത്. കേരളത്തിന്റെ നിയമനിർമ്മാണ ചരിത്രത്തിൽ മാത്രമല്ല തൊഴിലാളികളുടേയും കൃഷിക്കാരുടേയും നാടിന്റെയും ചരിത്രത്തിലും ഈ ദിവസം ഒരു കരിദിനമായിരിക്കും. ഇത്ര ധൃതിപിടിച്ച് ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകതയെന്താണെന്ന് മനസ്സിലാകുന്നില്ല. ഇത് പുനഃപരിശോധിക്കാൻ ഗവൺമെന്റ് സന്നദ്ധമാകണം. നിയമസഭാംഗങ്ങളുടെ മാത്രമല്ല, തൊഴിലാളികളുടേയും ജനങ്ങളുടേയും അഭിപ്രായങ്ങൾകൂടി കേട്ടതിനുശേഷം അവരുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ച് സംശയങ്ങളും ആശങ്കകളും ദൂരീകരിച്ചശേഷം ഈ ബില്ലിന് അന്തിമരൂപം നൽകേണ്ടതിനുപകരം അതിനു വിരുദ്ധമായ ഒരു നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ചുമട്ടുതൊഴിലാളികളെ പിടിച്ചുപറിക്കാരും കവർച്ചക്കാരും സാമൂഹ്യവിരുദ്ധരുമായി ചിത്രീകരിക്കുന്ന രീതിയിലുള്ള ഒരു നിയമനിർമ്മാണമാണിത്. ഒറ്റപ്പെട്ട ചില സംഭവങ്ങളെ പെരുപ്പിച്ച് കാണിച്ച് നിരന്തരമായ പോരാട്ട ത്തിലൂടെ തൊഴിലാളിവർഗ്ഗം നേടിയെടുത്ത നേട്ടങ്ങളേയും സ്വാതന്ത്ര്യത്തേയും അട്ടിമറിക്കാനുള്ള ഗൂഢനീക്കമാണ് ഇതിന് പിന്നിലുള്ളത്. ആഗോളവൽക്കരണം അതിവേഗം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിലുടമകൾക്ക് അനുകൂലമായി തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്തുന്ന കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ-തൊഴിലാളിവിരുദ്ധ നയങ്ങളാണ് ഇവിടെയും നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്. എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും ഈ നയങ്ങൾക്കെതിരെ സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. ഭരണകൂടം തൊഴിലാളികൾക്കെതിരേ സ്വീകരിക്കുന്ന ഇത്തരം നടപടികൾ വളരെ ക്രൂരമാണ്. കയർ, കശുവണ്ടി, കൈത്തറിത്തൊഴിലാളികൾ നേരിട്ടുകൊണ്ടിരി ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം നിലവിലുള്ള ആനുകൂല്യങ്ങൾപോലും കവർന്നെടുക്കാനുള്ള നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആഗോളവൽക്കരണത്തിന്റെയും തൊഴിലാളിവിരുദ്ധ നയങ്ങളുടെയും ഭാഗമായാണ് ഈ നിയമനിർമ്മാണം നടത്തുന്നത്. തുല്യനീതി നിഷേധിക്കുന്ന നിയമമാണിത്. ഉടമ വിഭാഗത്തെ പൂർണ്ണമായും സംരക്ഷിക്കുന്ന ഏകപക്ഷീയ നടപടികൾക്കുള്ള വകുപ്പുകളാണ് ഇതിലുള്ളത്. ജൂലായ് 23-ാം തീയതി ബിൽ സഭയിൽ അവതരിപ്പിച്ച ദിവസം കേരളത്തിലെ എല്ലാ വിഭാഗം തൊഴിലാളികളും പണിമുടക്കി ഈ നിയമനിർമ്മാണ ത്തിനെതിരെ പ്രതിഷേധമറിയിച്ചത് ശ്രദ്ധേയമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ യൂണിയനുകളിൽപ്പെട്ട തൊഴിലാളികളും ആ പ്രതിഷേധസമരത്തിൽ പങ്കെടുത്തിരുന്നു. രാഷ്ട്രീയ വ്യത്യാസമില്ലാതെ ഭരണ പ്രതിപക്ഷാംഗങ്ങളുടെ യോജിച്ച അഭിപ്രായ സമന്വയമുണ്ടാക്കാൻ കഴിയണം . ഈ നിയമത്തിലെ തൊഴിലാളി വിരുദ്ധ വകുപ്പുകൾ

ഒഴിവാക്കണം. ഈ ബില്ലിനെതിരായി ഭരണകക്ഷി നേതാക്കൻമാർ മാദ്ധ്യമങ്ങളിൽക്കൂടി പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. ഇത്തരത്തിലൊരു നിയമം ഇപ്പോൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെ ന്താണെന്നുള്ളത് ഗൗരവമായി ആലോചിക്കണം. കയറ്റിറക്കു സംബന്ധിച്ച് സംഘർഷങ്ങളില്ല. 1978 –ലെ നിയമം കേരളത്തിൽ ഇപ്പോഴും നിലനിൽക്കുകയാണ്. അന്ന് ആ നിയമം കൊണ്ടുവന്നപ്പോൾ ജനങ്ങളുടെ പ്രതികരണവും ഉത്ക്കണ്ഠയും ആശങ്കയുമെല്ലാം അകറ്റുന്നതിന് അവസരമുണ്ടാക ത്തക്കവിധത്തിൽ സെലക്ട് കമ്മിറ്റിക്കയച്ച് വിശദമായ ചർച്ചകൾ നടത്തി അഭിപ്രായ സമന്വയമുണ്ടാക്കിക്കൊണ്ടാണ് നിയമസഭ പാസ്സാക്കിയത്. ആ മാതൃക അംഗീകരിക്കണം. തൊഴിലാളികൾ സമൂഹത്തിലെ ഏറ്റവും സഹതാപമർഹിക്കുന്ന ഒരു വിഭാഗമാണെന്നുള്ള നിലയിൽ അവർക്കുവേണ്ടി ഒരു നിയമനിർമ്മാണം കൊണ്ടുവരേണ്ട താവശ്യമാണെന്നുള്ളതിന്റെ പേരിലാണ് അന്ന് ആ നിയമം അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി യായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി കൊണ്ടുവന്നത്. അദ്ദേഹം ഇന്ന് ആ നിലപാടിൽ ഉറച്ചുനിൽക്കു ന്നുണ്ടോയെന്ന കാര്യം സംശയമാണ്. തൊഴിലാളികളുടെ അവകാശങ്ങൾ അട്ടിമറിച്ച് ആരേയോ സംരക്ഷിക്കാൻവേണ്ടിയാണ് ഇന്ന് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. 1978–ൽ നടപ്പിലാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലായി 121 കമ്മിറ്റകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കമ്മിറ്റികളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെയും അല്ലാത്ത തൊഴിലാളികളെയും പ്രതികൂലമായി ബാധിക്കുന്ന ഒരു നിയമമാണിത്. ഇതിൽ ഗാർഹികം എന്നു പറയുന്ന ഇനങ്ങളോട് പൂർണ്ണമായി യോജിക്കാൻ കഴിയുകയില്ല. ഇത് തൊഴിലാളികളുടെ താൽപ്പര്യത്തിന് എതിരാണ്. വ്യക്തിഗതം എന്ന പരാമർശം ഈ ബില്ലിൽനിന്നും ഒഴിവാക്കണം. ഗാർഹികം എന്നു പറയുന്നതിൽ താമസം മാറ്റൽ പ്രക്രിയയുമായിട്ട് ബന്ധപ്പെട്ട കാര്യം മാത്രമേ ഉൾപ്പെടുത്താൻ പാടുള്ളൂ. ഗാർഹിക ആവശ്യത്തിനുള്ള സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്നതിന് തൊഴിലാളികളെ ആവശ്യമായിട്ട് വന്നാൽ ആ ഏരിയായിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ പരിഗണിക്കണം. ഗാർഹികേതര ആവശ്യത്തിന് തൊഴിലാളികളെ നിയമിക്കുന്ന കാര്യത്തിൽ സർക്കാരിന് എന്തും തീരുമാനിക്കാം എന്ന രീതിയിലുള്ള വ്യവസ്ഥ ഒഴിവാക്കണം. ബില്ലിൽ പറയുന്ന പ്രകാരം നോൺ ഡൊമസ്റ്റിക് വിഭാഗം ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നത് ഭാവിയിൽ ബുദ്ധിമുട്ടുണ്ടാക്കും. ബില്ലിൽ പറയുന്ന വ്യവസ്ഥകൾ കടുത്ത തൊഴിലാളി വിരുദ്ധമായതുകൊണ്ട് ഈ ബിൽ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>: ഈ ബില്ലിനെതിരായി കേരളത്തിൽ വ്യാപകമായ പ്രതിഷേധവും രോഷവും കക്ഷിരാഷ്ട്രീയത്തിനതീതമായി വന്നുകൊണ്ടിരിക്കുകയാണ്. ഈ ബില്ലിലെ വ്യവസ്ഥകൾ അദ്ധ്വാനിക്കുന്നവരുടെ താല്പര്യം സംരക്ഷിക്കാൻ ഉതകുന്നതല്ല എന്നതിനാൽ ഇത് അംഗീകരിക്കുവാൻ കഴിയുകയില്ല. ഇത് പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഈ ബിൽ നിയമമായിക്കഴിഞ്ഞാൽ ഇത് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. തൊഴിലാളികളെ ദ്രോഹിക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. കൂടുതൽ വ്യവസായികൾ ഇവിടെ വ്യവസായം തുടങ്ങാൻ വരുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് എന്നാണ് പറയുന്നത്. വ്യവസായികളെ കേരളത്തിലേക്കാകർഷി ക്കുന്നതിന് തൊഴിലാളികൾ തടസ്സം നിൽക്കുന്നില്ല. ഉയർന്ന വിദ്യുച്ഛക്തി നിരക്കും ആവശ്യമായ

സ്ഥലത്തിന്റെ ലഭ്യതക്കുറവുമാണ് കേരളത്തിൽ വ്യവസായങ്ങൾ ആരംഭിക്കാൻ വ്യവസായികൾ വരാത്തതിന് പ്രധാന കാരണം. തൊഴിലാളികളെ മോശമായി ചിത്രീകരിച്ചുകൊണ്ട് തൊഴിലുടമകളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഉള്ളടക്കത്തിൽ വ്യത്യാസം വരുത്താതെ ബില്ലിന്റെ പേര് മാറ്റുന്നതുകൊണ്ട് മാത്രം തൊഴിലാളികൾക്ക് ഒരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. ഈ നിയമത്തിന്റെ കാതലായ ഭാഗത്ത് തൊഴിലാളികളെ അങ്ങേയറ്റം ക്രൂശിക്കുന്ന നടപടികൾ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഭേദഗതി ചെയ്യേണ്ട താണ്. നിയമത്തിന്റെ മുമ്പിൽ സമത്വം എന്നുള്ളത് ഭരണഘടന വ്യവസ്ഥ ചെയ്യുന്നുണ്ട്. ഭരണഘടനയുടെ വ്യവസ്ഥകളെ ലംഘിക്കുന്ന ഒരു സമീപനമാണ് ഈ ബില്ലിൽ സ്വീകരിച്ചിട്ടുള്ളത്. തൊഴിലാളികൾക്ക് സഹായകരമായ രീതിയിലാണ് ബ്രിട്ടീഷ് ഭരണകാലത്തുപോലും നിയമങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. അദ്ധ്വാനിക്കുന്ന ഈ ജനവിഭാഗത്തോട് ശത്രുതാമനോഭാവത്തോടുകൂടിയുള്ള സമീപനം സ്വീകരിക്കുന്ന ഈ ബില്ലിലെ വ്യവസ്ഥകൾ അങ്ങേയറ്റം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ ഇടയാക്കും. 1978–ലെ ചുമട്ടുതൊഴിലാളി നിയമത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ ആ നിയമം ഭേദഗതി ചെയ്യുകയാണ് വേണ്ടിയിരുന്നത്. അതിനുപകരം ആ നിയമത്തെ അടിമുടി ഉടച്ചുവാർക്കുന്ന ഈ നീക്കം ഉപേക്ഷിക്കണം. ഈ ബില്ലിന്റെ കാര്യത്തിൽ അതിശക്തമായ പ്രതിഷേധം ഉയർന്നുവന്നിട്ടുണ്ട്. 1978–ൽ കൊണ്ടുവന്ന നിയമം വളരെ പ്രോഗ്രസ്സീവായിരുന്നു. എന്നാൽ ഈ നിയമം അതിന് നേരെ വിപരീതമായ ഒരു നിയമമായിട്ടാണ് വരാൻ പോകുന്നത്. ഇതിൽ ലോകത്തുള്ള സകലതും ഡൊമസ്റ്റിക് പർപ്പസായി മാറ്റിയിരിക്കുകയാണ് ചെയ്യുന്നത്. ക്ഷേമപദ്ധതി ബാധകമാക്കിയിട്ടുള്ള മേഖലകളിൽ ക്ഷേമ ബോർഡ് നിജപ്പെടുത്തിയ കൂലി വാങ്ങി ജോലി ചെയ്യുന്ന ചുമട്ടുതൊഴിലാളികൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലിപോലും നഷ്ടപ്പെടാൻ പോകുകയാണ്. നിലവിലുള്ള നിയമംമൂലം തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ട്. അത് ഒഴിവാക്കണം. കേന്ദ്രത്തിൽ ഭരണം നടത്തുന്ന ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ടുള്ള ഒരു നിയമമാണിത്. ഒരു വിജ്ഞാപനത്തിലൂടെ ആനുകൂല്യങ്ങൾ ഇല്ലാതാക്കാൻ ഒരു എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന് അധികാരം നൽകുന്ന വകുപ്പാണ് ക്ലാസ് 5. പോലീസിനെ ഇടപെടുവിച്ചാൽ തൊഴിൽ മേഖലയിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട് എന്നതിനാൽ ഇങ്ങനെയൊരു നിർദ്ദേശം നിയമത്തിൽ ഉൾക്കൊള്ളിക്കാൻ പാടില്ല; ആ ഭാഗം നിയമത്തിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു. ''ഭീഷണിപ്പെടുത്തി പണം പറ്റുന്നവരും നിയമവിരുദ്ധമായ പ്രവർത്തനം നടത്തുന്നവരും'' എന്നുള്ള നിർവ്വചനം തൊഴിലാളികൾക്ക് നൽകിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. സംഘടനാ സ്വാതന്ത്ര്യവും ജനാധിപത്യ അവകാശങ്ങളും നിഷേധിക്കുക എന്നുള്ള ലക്ഷ്യമാണ് ഇതിലുള്ളത്. ഈ ബിൽ പാസ്സാക്കുന്ന ആഗസ്റ്റ് 2–ാം തീയതി കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരു കറുത്ത ദിനമായിരിക്കും. ''ബലാൽക്കാരമായും'' ''ഭീഷണിപ്പെടുത്തി'' എന്നുള്ള രണ്ട് വാക്കുകൾ ബില്ലിൽ നിന്നും എടുത്തു മാറ്റിയെങ്കിലും അദ്ധ്വാനിക്കുന്ന തൊഴിലാളികളെ ദ്രോഹിക്കുവാൻ കഴിയുന്ന എല്ലാ വ്യവസ്ഥകളും ഇപ്പോഴും ഇതിൽ അടങ്ങിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധർ എന്ന് മുദ്രകുത്തി തൊഴിലാളികളെ വകവരുത്താനുള്ള നീക്കമാണിതെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഒരു

പുതിയ തൊഴിൽ സംസ്ക്കാരം വേണമെന്നും എങ്കിൽ മാത്രമേ വ്യവസായികൾക്ക് പരിരക്ഷ ലഭിക്കുകയുള്ളൂ എന്നും അത്തരം ഒരു ഉറപ്പിലേ വ്യവസായികൾ ഇവിടെ വരികയുള്ളൂ എന്നുമാണ് ഇവിടെ പ്രധാനമായും പറയുന്നത്. തൊഴിലാളികളെ അടിമകളെപ്പോലെ പണിയെടുക്കുന്നവരാക്കി മാറ്റുക എന്നുള്ളതാണ് ഇതിലെ ലക്ഷ്യം. മുതലാളിമാരുടെ കാൽക്കീഴിലേയ്ക്ക് ഇവിടത്തെ തൊഴിലാളികളെ എറിഞ്ഞു കൊടുക്കുക എന്ന ദുരുദ്ദേശം വച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. തൊഴിലാളികൾ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലല്ല ഇവിടെ വ്യവസായങ്ങൾ വരാത്തത്. മറ്റ് സ്റ്റേറ്റുകളിൽ വ്യവസായം നടത്താൻ ചെല്ലുന്ന വ്യവസായികൾക്ക് ഫ്രീയായിട്ട് ഭൂമിയും വൈദ്യുതിയും നൽകുന്നു. എന്നാൽ ഇവിടെ വൈദ്യുതി മറിച്ച് വിറ്റിട്ട് 24 മണിക്കൂറും ഈ ഗവൺമെന്റ് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുകയാണ്. തൊഴിലാളികളെ അടിച്ചമർത്തിക്കൊണ്ട് ഇവിടെ ഒരു വ്യവസായവും വരികയില്ല. തൊഴിലാളികൾ സാമൂഹ്യ വിരുദ്ധരാണ് എന്നുപറഞ്ഞുകൊണ്ട് പുതിയതരം സമ്മർദ്ദമുറകൾ പ്രയോഗിക്കുന്നത് ആശാസ്യമല്ല. ആധുനിക വ്യവസായങ്ങൾ കൊണ്ടുവരുമ്പോൾ അതോടൊപ്പം പരമ്പരാഗത വ്യവസായങ്ങളേയും പ്രോത്സാഹിപ്പിച്ച്, അവയെ സംയോജിപ്പിച്ചു കൊണ്ടുപോകാനുള്ള ഒരു നയമാണ് ഗവൺമെന്റ് ആവിഷ്ക്കരിക്കേണ്ടത്. ഒരു ഭാഗത്തെ പിന്തള്ളുകയും മറുഭാഗത്തെ മാത്രം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നടപടി ശരിയല്ല. തൊഴിൽ തർക്കങ്ങളിൽ ഇടപെടുന്നതിന് ഈ നിയമ നിർമ്മാണത്തിലൂടെ പോലീസിന് അധികാരം കൊടുക്കുന്നു. പോലീസ് ഇൻസ്പെക്ടർമാർക്ക് ഏത് സമയത്തും തൊഴിൽശാലകളിൽ പ്രവേശിക്കാനും മുതലാളിമാരുടെ ആഗ്രഹത്തിനനുസരിച്ച് തൊഴിലാളികളെ മർദ്ദിക്കാനും അവരെ ജയിലറകളിൽ അടയ്ക്കാനുമുള്ള സൗകര്യമൊരുക്കി കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വകുപ്പ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 6 മാസം കഠിനതടവും 2000 മുതൽ 10,000 രൂപ വരെപിഴയും അല്ലെങ്കിൽ രണ്ടുംകൂടി ചേരുന്ന ശിക്ഷയാണ് 12–ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്. 13–ാം വകുപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്, വസ്തുവിൽ പ്രവേശിക്കുകയോ ജോലി തടസ്സപ്പെടുത്തുകയോ ചെയ്യുമ്പോൾ നൽകാവുന്ന ശിക്ഷയെക്കുറിച്ചാണ്. ഇതിന് 2 വർഷം തടവും 5000 മുതൽ 15,000 രൂപ വരെ പിഴയും അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിയമലംഘനം നടത്തുന്ന മുതലാളിമാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്ന കാര്യം ബില്ലിൽ പരാമർശിച്ചിട്ടില്ല. പരാതി കൊടുക്കുന്നതിനുള്ള അവകാശവും മുതലാളിമാരിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നു. ഇക്കാരണങ്ങളാൽ ഇതൊരു തൊഴിലാളി ദ്രോഹ ബില്ലാണ്. പരാതി കൊടുക്കാനും കൂലി ചോദിക്കാനുമൊക്കെയുള്ള അവകാശംപോലും തൊഴിലാളികൾക്ക് നിഷേധിക്കുന്ന ഈ ബിൽ കേരളത്തിൽ നടപ്പിലാക്കുകയെന്നത് അപ്രായോഗികമായതിനാൽ ഈ ബിൽ പിൻവലിക്കണം.

ശ്രീ. എ.എൻ. രാജൻ ബാബു: പൊതുജനാഭിപ്രായം നേടുന്നതിനായി ബിൽ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ജനങ്ങൾ വളരെ ആശ്വാസത്തോടെ കാണുന്ന ഒരു നിയമമാണിത്. 1978–ൽ കൊണ്ടുവന്ന നിയമത്തിലെ ദൂഷ്യവശങ്ങൾ ഒഴിവാക്കുന്ന തിനുള്ള വ്യവസ്ഥകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ചരക്കുകൾക്കോ വാഹനങ്ങൾക്കോ വസ്തുക്കൾക്കോ നാശനഷ്ടങ്ങൾ വരുത്താതിരിക്കുന്നതിനും തൊഴിലാളികൾ അമിതകൂലി ഈടാക്കാതിരിക്കാനുമുള്ള വ്യവസ്ഥകളാണ് ഇതിലുള്ളത്. മുതലാളിമാരെ ശിക്ഷിക്കുന്നതിനുള്ള

വകുപ്പ് കേരളാ ഹെഡ്‌ലോഡ് വർക്കേഴ്സ് ആക്ടിൽ ഉണ്ട്. മൗലികാവകാശങ്ങളോ ഭരണഘടനാ വ്യവസ്ഥകളോ ഒന്നും വയലേറ്റ് ചെയ്തിട്ടില്ലാത്ത ഈ ബിൽ തികച്ചും നിയമസാധുതയുള്ളതാണ്.

ശ്രീ. രാജു എബ്രാഹാം: ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിവിധ മേഖലകളിൽ പണിയെടുക്കുന്ന 4 ലക്ഷത്തോളം ചുമട്ടുതൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നതാണ് ഈ ബിൽ. ഈ നിയമം നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തെ തൊഴിൽ രംഗത്തെ സമാധാനാന്തരീക്ഷവും ക്രമസമാധാനവും തകരാൻ പോകുകയാണ്. കഴിഞ്ഞ 10 വർഷമായി സംസ്ഥാനത്തെ വ്യവസായസ്ഥാപനങ്ങളൊന്നുംതന്നെ തൊഴിലാളി സമരംമൂലം അടച്ചുപൂട്ടേണ്ടിവന്നിട്ടില്ല. (ചർച്ച തുടരും)

(സഭ 12.30-ന്പിരിഞ്ഞു.)

## അപരാഹ്ന സമ്മേളനം

(സഭ ഉച്ചയ്ക്കുശേഷം 3.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

**നിയമനിർമ്മാണകാര്യം** - (തുടർച്ച)

ശ്രീ. രാജു എബ്രഹാം: (തുടർച്ച) വിദേശ വ്യവസായികൾക്ക് കേരളത്തിൽ മുതൽ മുടക്കാനുള്ള സമാധാനാന്തരീക്ഷമുണ്ടാക്കണമെന്നതിനോട് ആർക്കും വിയോജിപ്പില്ല. വിദേശ വ്യവസായികൾ കേരളത്തിലേയ്ക്ക് വരാൻ മടിക്കുന്നതിനുള്ള ഘടകങ്ങളിൽ വൈദ്യുതിച്ചാർജ് വർദ്ധനവും ഉൾപ്പെടുമെന്ന കാര്യംകൂടി അംഗീകരിക്കേണ്ടതുണ്ട്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തണമെന്ന് പറയുകയും വൈദ്യുതിച്ചാർജ് വർദ്ധിപ്പിക്കുയും ചെയ്യുന്ന നടപടി പരസ്പര വിരുദ്ധങ്ങളാണ്. ചുമട്ടുതൊഴിലാളി ക്ഷേമനിധി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ തൊഴിൽത്തർക്കങ്ങളോ, കുഴപ്പങ്ങളോ ഉണ്ടാകുന്നില്ലെന്നതുകൊണ്ട് മറ്റു പ്രദേശങ്ങളിലും നിലവിലുള്ള സ്കീം നടപ്പിലാക്കുന്നതാണ് നല്ലത്. വ്യാവസായിക സമാധാനം നിലനിൽക്കുന്ന കേരളത്തിൽ ഇത്തരമൊരു കരിനിയമം കൊണ്ടുവരേണ്ട ആവശ്യമില്ല. ഇൻഡ്യൻ ശിക്ഷാ നിയമത്തിൽ പിടിച്ചുപറിക്കലിനും ഭീഷണിപ്പെടുത്തലിനും പ്രത്യേക ശിക്ഷാ നടപടികൾക്കുള്ള വകുപ്പുകളുള്ളതുകൊണ്ട് ഈ നിയമത്തിലൂടെ പ്രത്യേക വകുപ്പുകൾ കൊണ്ടുവരേണ്ട കാര്യമില്ല. കേരളത്തിൽ പോലീസിന് തൊഴിൽത്തർക്കങ്ങളിൽ ഇടപെടാനും തൊഴിലാളികളെ നിഷ്ഠൂരമായി മർദ്ദിക്കാനുമുള്ള അവസരം ഈ ബില്ലിലൂടെ ഉണ്ടാകാൻ പോവുകയാണ്. ഇതുമൂലം കേരളത്തിലെ തൊഴിലാളികൾക്ക് സംഘടനാപ്രവർത്തനംപോലും നിഷേധിക്കപ്പെടാനിടയാകുമെന്നതിന് സംശയം വേണ്ട. കേരളത്തിൽ സജീവമായിക്കൊണ്ടിരിക്കുന്ന ഗുണ്ടാപ്രവർത്തനം അമർച്ച ചെയ്യാൻ പോലീസിന് കഴിയുന്നില്ല. സബ് ഇൻസ്പെക്ടർക്ക്

തൊഴിലാളി പ്രശ്നത്തിലിടപെടാനും നടപടി യെടുക്കാനും ഈ ബില്ലിലൂടെ അധികാരം കൊടുത്തിരിക്കുന്നത് ഏറ്റവും നിർഭാഗ്യകരമാണ്. തിരിച്ചറിയൽ കാർഡുകളുള്ള ചുമട്ടുതൊഴിലാളികൾ നോക്കിയിരിക്കെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് തൊഴിലാളികളെ കൊണ്ടുവന്ന് പണിയെടുപ്പിച്ചാൽ വ്യാവസായികരംഗത്തെ സമാധാനാന്തരീക്ഷം തകരുമെന്ന കാര്യത്തിൽ സംശയമില്ല. 25 ലക്ഷത്തോളം വരുന്ന പരമ്പരാഗത തൊഴിലാളികളെ ഈ നിയമം നടപ്പിലാക്കുന്നതിലൂടെ ഗവൺമെന്റ് കൈവിട്ടിരിക്കുകയാണ്. ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും വെട്ടിക്കുറച്ച ഗവൺമെന്റ് തൊഴിലാളികളുടെ സംഘടനാപ്രവർത്തനം തകർക്കാനുള്ള ശ്രമം ഉപേക്ഷിക്കണം. അധികാരത്തിൽ വരുമ്പോൾ ഐക്യജനാധിപത്യ മുന്നണിയുടെ രൂപവും ഭാവവും മാറുന്നത് പതിവാണ്. ഈ ബില്ലിലെ വകുപ്പുകൾമൂലം പണി നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് എങ്ങനെ പണി നല്കുമെന്ന് വ്യക്തമാക്കണം. ഈ നിയമ നിർമ്മാണത്തിൽ ഒരു റിപ്പീൽ ക്ലാസ്സില്ല. 1978-ൽ പാസ്സാക്കിയ നിയമമാണോ, ഇപ്പോൾ പാസ്സാക്കുന്ന നിയമമാണോ കേരളത്തിൽ നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കണം. കേരളത്തിലെ ചുമട്ടു തൊഴിലാളികളെ ദ്രോഹിക്കാനുതകുന്ന വകുപ്പുകളുള്ളതുകൊണ്ടാണ് ഈ ബില്ലിനെ എതിർക്കുന്നത്.

തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. ബാബു ദിവാകരൻ): </u>സംസ്ഥാനത്തൊട്ടാകെ ബാധകമായിട്ടുള്ള 1978-ലെ കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബില്ലനുസരിച്ച് ക്ഷേമനിധി ബോർഡിന്റെ കീഴിൽ 132 കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളികളുടെ ശമ്പളത്തിന്റേയും ചെലവിന്റേയും 25% തൊഴിലുടമ കൊടുക്കണം. ആ തുക ബോർഡിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗി ക്കുകയാണ് ചെയ്യുന്നത്. 100 തൊഴിലാളികളെങ്കിലും പണിയെടുക്കുന്ന ഒരു സെന്ററിൽ മാത്രമേ ഇത്തരമൊരു സംവിധാനം നടപ്പിലാക്കാനൊക്കുകയുള്ളൂ. അതുകൊണ്ട് ഈ സംവിധാനം കേരളത്തിലൊട്ടാകെ കാര്യക്ഷമമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടാണ്. കമ്മിറ്റികൾ നിശ്ചയിക്കുന്ന കൂലി അതാത് കമ്പോളങ്ങളിലേയ്ക്ക് മാത്രമാണ്. പ്രധാനമായും ഗാർഹികാവശ്യങ്ങൾക്കു വേണ്ടിയാണ് ഈ നിയമം ഉദ്ദേശിക്കുന്നത്. ഗാർഹിക മേഖലയിലെ തൊഴിലാളികളെ നിശ്ചയിക്കാ നുള്ള അവകാശം തൊഴിലുടമയ്ക്കാണ്. താലൂക്കടിസ്ഥാനത്തിലാണ് കൂലി നിശ്ചയിക്കുന്നത്. ഇതുമൂലം വ്യവസ്ഥയനുസരിച്ച് ജോലി ചെയ്യാൻ തൊഴിലാളികളും കൂലി നൽകാൻ തൊഴിലുടമ കളും ബാദ്ധ്യസ്ഥരാണ്. ഇത്തരമൊരു വ്യവസ്ഥയുണ്ടാകുന്നതോടുകൂടി തൊഴിലാളികൾക്ക് അന്തസ്സായി ജോലിചെയ്യാനുള്ള അവസരമുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല.. ഈ നിയമത്തിലെ വ്യവസ്ഥകളെക്കുറിച്ച് മനസ്സിലാക്കാതെ തൊഴിലാളികളെ തെറ്റിദ്ധരിപ്പിക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം ഉപേക്ഷിക്കണം. ഇതൊരു ദ്രോഹപരമായ നിയമമാണെന്ന നിലയിൽ എതിർത്തുകൊണ്ട് പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ഈ നിയമം നടപ്പിലാകുന്നതോടുകൂടി വ്യവസായ രംഗത്ത് സമാധാനാന്തരീക്ഷമുണ്ടാക്കാനും കൂടുതൽ വിദേശ നിക്ഷേപമുണ്ടാക്കി തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുമെന്നതിൽ സംശയമില്ല. കേരളത്തിലെ തൊഴിൽ മേഖലയിൽ സമാധാനാന്തരീക്ഷമില്ല എന്നുള്ള പ്രചരണമാണ് ഇൻഡ്യയ്ക്കകത്തും പുറത്തും നിലനിൽക്കുന്നത്. തൊഴിലില്ലായ്മ രൂക്ഷമായ കേരളത്തിൽ തൊഴിലവസരങ്ങളുണ്ടാക്കുന്നതിന്

ആവശ്യമായ നിക്ഷേപം കണ്ടെത്തുന്നതിന് ഈ ബിൽ ഉപകരിക്കും. 1978–ലെ നിയമത്തിൽ ഗാർഹികാവശ്യത്തിനുള്ള വസ്തുക്കളെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നത് ഒഴിവാക്കിയതുകൊണ്ടുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നത്. വ്യാവസായിക മേഖലയിലും മറ്റും നിക്ഷേപകരെ ആകർഷിക്കുന്നതിന് ഗവൺമെന്റിന് ആവശ്യമെന്നുകണ്ടാൽ പ്രത്യേക നോട്ടിഫിക്കേഷനിലൂടെ ഒരു പ്രദേശത്തെ ഇതിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള അവകാശം മാത്രമേ നിയമത്തിൽ വച്ചിട്ടുള്ളൂ. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന വ്യവസ്ഥകളൊന്നും ഈ ബില്ലിൽ ഇല്ല. നിയമവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്ന തൊഴിലാളികളെ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ മാത്രമേ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളടങ്ങുന്ന വാർഡ്തല കമ്മിറ്റികൾക്ക് പരിഹരിക്കാൻ കഴിയാത്ത ക്രിമിനൽ ഒഫൻസിൽ മാത്രമേ പോലീസ് ഇടപെടുകയുള്ളൂ. സമാധാനപരമായി പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഗുണകരമായ ഒരു ബില്ലാണിത്. ഇതിനെതിരെ പ്രതിപക്ഷം തെറ്റിദ്ധാരണ പരത്തുന്ന രീതിയിലുള്ള പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നത് അവസാനിപ്പിക്കണം.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002–ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2–ാം വകുപ്പ്</u>

തൊഴിൽ വകുപ്പുമന്ത്രി(<u>ശ്രീ. ബാബു ദിവാകരൻ):</u> താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

In item (ii) of clause 2 (a) after "shifting of" add 'the articles of'

കൂടാതെ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതിയും അവതരിപ്പിക്കുന്നു.

(865). In Sub Clause (f) of Clause 2, in item (vi) for the words "water pipes or electric cables" the words "pipes or cables" shall be substituted.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ:</u> 191, 199, 200, 222. 238, 252, 294, 303, 312, 318, 326, 330, 331, 333, 334, 339, 341, 344, 346, 347, 371, 375 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഈ ബില്ലിൽ ഗാർഹികാവശ്യങ്ങൾ ഏതെല്ലാമാണെന്ന് സ്പെസിഫിക്കായിട്ട് പറഞ്ഞില്ലെങ്കിൽ തൊഴിൽമേഖലയിൽ സമാധാനാന്തരീക്ഷം നഷ്ടപ്പെടാനിടയാക്കും. നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് കടകവിരുദ്ധമായ വ്യവസ്ഥകൾ ഈ ബില്ലിനകത്തുണ്ട്. കൂടുതൽ റിസ്ക്കുള്ള ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അധികകൂലി നഷ്ടപ്പെടാൻ ഈ ബിൽ ഇടയാക്കും.

ശ്രീ. വി. ചെന്താമരാക്ഷൻ: 195, 205, 299, 317, 329 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ: 202-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 209, 221, 234, 246, 251, 270, 287 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ: 198, 210 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി. ജെ. ജോയി: 214, 233. 248, 276, 361 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: 215, 250, 271, 313, 354, 373 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ : 218-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ .എ. കെ. ബാലൻ : 219, 230, 263 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : 232, 245, 265, 322, 336, 337, 343, 345, 366 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: 247, 355, 369 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. എം. അഗസ്തി : 365-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ബാലൻ: 208, 261 എന്നീ നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 273-ാം നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: 285-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ : 283, 300, 351 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: 358, 372 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 314-ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: 327-ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: 338, 342, 350 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തംപാനൂർ രവി: 362-ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 200, 238 എന്നീ ഭേദഗതികൾ 26-നെതിരെ 51 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 221-ാം നംപർ ഭേദഗതി 26-നെതിരെ 57 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. തംപാനൂർ രവി അവതരിപ്പിച്ച 362-ാം നംപർ ഭേദഗതി 26-നെതിരെ 59 വോട്ടുകളോടെ പിൻവലിക്കപ്പെട്ടു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി...

## 3-ാം വകുപ്പ്

ശ്രീ. കെ.കെ. ജയചന്ദ്രൻ : 376- ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.പി. രാമകൃഷ്ണൻ : 378-ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.കെ.ബാലൻ : 381, 387 എന്നീ നംപർ ദേഗതികൾ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.. ബാബു ദിവാകരൻ) : നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്കോ, പ്രദേശങ്ങൾക്കോ, കടകൾക്കോ, കംപോളങ്ങൾക്കോ ഈ നിയമം ബാധകമല്ല. ഭേദഗതികൾ സ്വീകാര്യമല്ല.

376, 381 എന്നീ നമ്പർ ഭേദഗതികൾ 25-നെതിരെ 52 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റു ഭേദഗതികളും നിരാകരിക്കപ്പെട്ടു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(866) " In chapter II, in the heading the word" private" occurring between the words "TO" and "PROPERTY" shall be omitted.

ശ്രീ. വി. ചെന്താമരാക്ഷൻ : 394, 395, 404, 405 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ: 396–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ : 399 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ബാലൻ : 400– ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ : 402–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: 406 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : 409 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ . ജയചന്ദ്രൻ : 411 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തംപാനൂർ രവി : 413 – ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: 414–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 415, 417 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: 416– ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) ഈ നിയമം പാസ്സാകുന്നതോടുകുടി 26 (എ) കാർഡുള്ളവർക്ക് ഗാർഹീകാവശ്യങ്ങൾക്ക് പണിയെടുക്കുവാനുള്ള അവകാശം ലഭിക്കും.
തൊഴിലുടമയും തൊഴിലാളികളും തമ്മിൽ നല്ല ബന്ധം സ്ഥാപിക്കുവാനും കഴിയും. ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്തി അവതരിപ്പിച്ച 866 – ാം നംപർ ഭേദഗതി അംഗീകരിച്ചു.

സർവ്വശ്രീ എ. കെ. ബാലൻ അവതരിപ്പിച്ച 399–ാം നമ്പർ ഭേദഗതിയും ടി. കെ. ബാലൻ അവതരിപ്പിച്ച 400–ാം നമ്പർ ഭേദഗതിയും കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 409–നംപർ ഭേദഗതിയും കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 414–ാം നമ്പർ ഭേദഗതിയും കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 415, 417 നമ്പർ ഭേദഗതികളും 62–നെതിരെ 28 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4– ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗികരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4 – ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5–ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: 427 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. രാജൻ: 428–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: 429, 430 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: 432–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ എ. കെ. ബാലൻ: സെക്ഷൻ 4–ഉം ക്ലാസ് 4–ഉം മുഖേന 1978–ലെ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് പണിയെടുക്കുന്ന തൊഴിലാളികൾ ഈ നിയമനിർമ്മാണത്തിലൂടെ ഈ മേഖലയിൽ നിന്നും പരിപൂർണ്ണമായി പുറന്തള്ളപ്പെടും. അതുകൊണ്ട് 5–ാമത്തെ ക്ലാസ് പൂർണ്ണമായി ഡിലീറ്റ് ചെയ്യണം.

ശ്രീ. ടി. വി. ചന്ദ്രമോഹനൻ: 435–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: 436–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: 457–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : 460, 461 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 462–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 449–ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 425–ാം നമ്പർ ഭേദഗതിയും ശ്രീ. വി.കെ. ചന്ദ്രൻ അവതരിപ്പിച്ച 427–ാം നമ്പർ ഭേദഗതിയും ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 457–ാം നമ്പർ ഭേദഗതിയും ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 461–ാം നമ്പർ ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 462–ാം നമ്പർ ഭേദഗതിയും 25–നെതിരെ 60 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. ടി.വി. ചന്ദ്രമോഹൻ അവതരിപ്പിച്ച 435–ാം നമ്പർ ഭേദഗതി 25–നെതിരെ 59 വോട്ടു കളോടെ സഭ പിൻവലിച്ചു.

മറ്റു ഭേദഗതികളും സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം 25–നെതിരെ 60 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. സി. കെ. നാണു: 467-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. ടി പി രാമകൃഷ്ണൻ: 468-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. കെ.പി. രാജേന്ദ്രൻ: 467-ഉം 474-ഉം നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു

ശ്രീ. കെ.പി. രാജേന്ദ്രൻ: 470, 474 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: 471-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി.ജെ. ജോയി: 472-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്:: 473-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി.പി. രാമകൃഷ്ണൻ അവതരിപ്പിച്ച 468-ാം നമ്പർ ഭേദഗതിയും ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 474-ാം നമ്പർ ഭേദഗതിയും 22-നെതിരെ 52 വോട്ടുകളോടെ നിരാകരിക്കപ്പെട്ടു

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി 25-നെതിരെ 53 വോട്ടുകളോടെ പിൻവലിക്കപ്പെട്ടു.

മറ്റു ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം 26-നെതിരെ 52 വോട്ടുകളോടെ സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ: 479-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. പി.ജെ. ജോയി: 480-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ: 481-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.വി. ജയരാജൻ: 482-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

484. In Clause 7 after the word ”constitutes” substitute the word “an” instead of the word “and”.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. ബാബു ദിവാകരൻ): ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 484-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

484-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. മറ്റു ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി: 490, 536 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ഇ.എം. അഗസ്തി: 491-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: 492, 521 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ: 493-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: 494, 540, 547 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. രാജൻ: 495, 531 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം.വി. ജയരാജൻ: 496-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 499, 509, 537 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി.പി. രാമകൃഷ്ണൻ: 500-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 546-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: 506-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.വി. ചന്ദ്രമോഹൻ: 530-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. ചന്ദ്രശേഖരൻ: 508-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ബാലൻ: 510-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: 545-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.കെ. നാണു: 548-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 549-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. വർക്കല കഹാർ:</u> ഈ നിയമം ഏകപക്ഷീയമാണ്. കുറഞ്ഞ കൂലി നൽകുന്നതും ഓഫർ ചെയ്യുന്നതും കുറ്റകരമാണ്. ഇതിൽ വാങ്ങുന്ന കാര്യം മാത്രമേ പറയുന്നുള്ളൂ; കൊടുക്കുന്ന കാര്യം പറയുന്നില്ല. ഇത് സ്വാഭാവിക നീതിക്ക് നിരക്കുന്നതല്ല.

<u>ശ്രീ. എ.കെ. ബാലൻ:</u> നിലവിലുള്ള നിയമപ്രകാരം രൂപീകൃതമായ ക്ഷേമബോർഡിന്റെ കീഴിലുള്ള ലോക്കൽ കമ്മിറ്റികൾ ചർച്ച ചെയ്താണ് കൂലി വർദ്ധനവും അതിനോടനുബന്ധിച്ചുള്ള നിബന്ധനകളും നിശ്ചയിക്കുന്നത്. അതേ രൂപത്തിൽ ഇതിലും അപ്ളൈ ചെയ്താൽമതി. കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കാലാവധി മൂന്ന് വർഷമെന്നുള്ളത് ഒരുവർഷമാക്കണം.

തൊഴിൽ വകുപ്പുമന്ത്രി <u>(ശ്രീ. ബാബു ദിവാകരൻ):</u> ശ്രീ. ടി.വി. ചന്ദ്രമോഹൻ അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതികളോടെ സ്വീകരിക്കുന്നു.

In clause 8 after subclause (2) add the following as subclause (2A) namely:

"(2A) no employer shall engage any worker for loading or unloading work connected with or related to the purposes specified in this Act for wages less than the notified wages".

ക്ളാസ് 8 (2A) എന്നതിനുപകരം ക്ളാസ് 8 (3) ആയിട്ടാണ് സ്വീകരിക്കുന്നത്. നിലവിലുള്ള 8 (3) വകുപ്പ് 8 (4) ആയി പുനഃക്രമീകരിക്കും. ജില്ലാ കളക്ടർ ചെയർമാനായും ഡിസ്ട്രിക്ട് ലേബർ ഓഫീസർ കൺവീനറായും തൊഴിലുടമാപ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഇൻഡിപെൻഡന്റ് മെമ്പേഴ്സും അടങ്ങുന്ന ഒരു കമ്മിറ്റി ഓരോ താലൂക്കിലും രൂപീകരിക്കുന്നതിനും ആ കമ്മിറ്റി അതാതു പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് കൂലി നിശ്ചയിക്കുന്നതിനും എല്ലാ കേന്ദ്രങ്ങളിലും അത് വ്യാപകമായി പ്രചരിപ്പിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ റൂൾസിൽ ഉൾപ്പെടുത്തുന്നതാണ്.

ഭേദഗതി ചെയ്തപ്രകാരമുള്ള 530-ാം നമ്പർ ഭേദഗതി അംഗീകരിച്ചു.

499, 506, 510, 539, 541, 547, 548 എന്നീ നമ്പർ ഭേദഗതികൾ 27-നെതിരെ 56 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികളും സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> 550-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> 551-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. ജോസഫ്::</u> 552-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി.യു. രാധാകൃഷ്ണൻ:</u> 554-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ.കെ.പി.രാജേന്ദ്രൻ:</u> 555-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി <u>(ശ്രീ.ബാബു ദിവാകരൻ):</u> ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

<u>ശ്രീ.കോടിയേരി ബാലകൃഷ്ണൻ:</u> 556-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. ജോസഫ്:</u> താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(558) In clause 10 for the word "Inspectors" substitute the words "Labour Inspectors".

<u>ശ്രീ. കെ.പി. രാജേന്ദ്രൻ:</u> 560-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി <u>(ശ്രീ. ബാബു ദിവാകരൻ):</u> ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 558 -ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ.കെ.സി. ജോസഫ് അവതരിപ്പിച്ച 558 -ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്</u>

<u>ശ്രീ.കെ.പി.രാജേന്ദ്രൻ:</u> 559-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ.വി. ചെന്താമരാക്ഷൻ:</u> 561-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി <u>(ശ്രീ.ബാബു ദിവാകരൻ):</u> ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

<u>11-ാം വകുപ്പ്</u>

<u>ശ്രീ. എം.വി. ജയരാജൻ:</u> 563, 611, 616, 644, 649, 653 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.വി. ചെന്താമരാക്ഷൻ: 566, 599, 612, 640, 643 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: 629–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ.സി.ജോസഫ്: 568, 576, 579, 607 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി.ജെ. ജോയി: 569, 656 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.കെ. ജയചന്ദ്രൻ: 577–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ വി.ഡി. സതീശൻ: 582, 645 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി : 584,592,615,646,647,651 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 585, 586, 609 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: 587, 589, 591, 652 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ: 590, 650 എന്നീ നംപർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: 600 –ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: 605–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: 614–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: 636–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: 648–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: 654–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ഇ. എം. അഗസ്തി: എന്റെ ഭേദഗതികൊണ്ട് ഞാനുദ്ദേശിക്കുന്നത് എൻഫോഴ്സ്മെന്റ് ഓഫീസർ നിർബന്ധമായും ലേബർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥനായിരിക്കണമെന്നും ആക്ടു ചെയ്യുന്നത് എൻഫോഴ്സ്മെന്റ് ഓഫീസറുടെ ഡയറക്ഷന് വിധേയമായിട്ടായിരിക്കണമെന്നുമാണ്. അല്ലാത്തപക്ഷം അതിക്രമമുണ്ടാകും.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഭേദഗതികളൊന്നും സ്വീകാര്യമല്ല.

593, 600, 605, 609, 616, 639 എന്നീ ഭേദഗതികൾ 28–നെതിരെ 60 വോട്ടുകളോടെ സഭ നിരാകരിച്ചു.

569, 629 എന്നീ ഭേദഗതികൾ 29–നെതിരെ 64 വോട്ടുകളോടെ പിൻവലിക്കപ്പെട്ടു.

മറ്റു ഭേദഗതികളും നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം 29–നെതിരെ 64 വോട്ടുകളോടെ സഭ അംഗീകരിച്ചു.

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12–ാം വകുപ്പ്

ശ്രീ. വി. ചെന്താമരാക്ഷൻ : 665, 685 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: 666–ാം നംപർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.വി.കെ.ചന്ദ്രൻ:667,671 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ:സാവിത്രി ലക്ഷ്മണൻ: 669–നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.പി.ജെ.ജോയി: 670 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീഎൻ.ശക്തൻ: 672 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.വി.ഡി.സതീശൻ: 673–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.വർക്കല കഹാർ: 675–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ.പി.രാജേന്ദ്രൻ: 676–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ.രാധാകൃഷ്ണൻ: 677–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.മത്തായി ചാക്കോ: 678–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.ടി.പി.രാമക്യഷ്ണൻ: 679–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. എം.വി.ജയരാജൻ: 681–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.എ.കെ.ബാലൻ: 682–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.ഷിബു ബേബിജോൺ: 684–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ശ്രീ. ഷിബു ബേബിജോൺ അവതരിപ്പിച്ച

Clause 12 shall be recast as follows:
penalty for committing unlawful practices: Whoever commits any unlawful practice other than items 5 and 13 of the Schedule shall be punishable with imprisonment for a term which may extend to six months or with fine which shall not be less than two thousand rupees may be changed to one thousand rupees, and which may extend to ten thousand rupees may be changed to five thousand rupees or with both" എന്ന 684–ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ഷിബു ബേബിജോൺ അവതരിപ്പിച്ച 684–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. 665, 666, 674, 677, 681, 682 എന്നീ നമ്പർ ഭേദഗതികൾ 28–നെതിരെ 61 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 12–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13–ാം വകുപ്പ്

ശ്രീ. പി.ജെ. ജോയി: 692, 697, 703 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: 694, 700 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.വി.കെ.ചന്ദ്രൻ: 695–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ എൻ. ശക്തൻ: 696–ാം. നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: 699, 701 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു

.

ശ്രീ. ടി.കെ. ബാലൻ: 704–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.എം.വി.ജയരാജൻ: 705, 706 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ഷിബു ബേബിജോൺ: 707–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ : 708–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ശ്രീ. ഷിബു ബേബിജോൺ അവതരിപ്പിച്ച

clause 13 shall be recast as follows :"Penalty for obstruction and damage : Whoever commits any unauthorised entry in to the property of an employer or any other person and creates any obstructions or hindrance to the work or activity or process to be carried out or commits any mischief or distruction or damage to the land or property of the employer or any person, shall be punishable with imprisonment which may extent to two years or with fine which shall not be less than five thousand rupees may be changed to one thousand and which may extent to ten thousand ruepees or with both." എന്ന 707–ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ.ഷിബു ബേബിജോൺ അവതരിപ്പിച്ച 707–ാം നമ്പർ ദേദഗതി സഭ അംഗീകരിച്ചു. 694,695,704,705,706,708 എന്നീ ഭേദഗതികൾ 28–നെതിരെ 60 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 13–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14–ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 715, 722 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.കെ. ബാലൻ: 716–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ : 717, 720 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.വി.കെ.ചന്ദ്രൻ: 718-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ .ഷിബു ബേബിജോൺ: 719-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. തമ്പാനൂർ രവി: 721, 723 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി.ജെ.ജോയി: 724-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: 725-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. ബാബു ദിവാകരൻ) ശ്രീ. ഷിബു ബേബിജോൺ അവതരിപ്പിച്ച

In Clause 14 for the words: "five thousand rupees" the words "one thousand rupees" shall be substituted. എന്ന 719-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ഷിബു ബേബിജോൺ അവതരിപ്പിച്ച 719-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

715, 716, 718, 722, 725 എന്നീ ഭേദഗതികൾ 26-നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 731, 736 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 733-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.കെ. ചന്ദ്രൻ: 734-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.കെ. ബാലൻ: 738-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: 740-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഭേദഗതികൾ സ്വീകാര്യമല്ല. 731, 734, 736, 738 എന്നീ ഭേദഗതികൾ 24-നെതിരെ 58 വോട്ടുകളോടെ സഭ നിരാകരിച്ചു. മറ്റു ഭേദഗതികളും സഭ നിരാകരിച്ചു.

15-ാം വകുപ്പു ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16–ാം വകുപ്പ്

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.ബാബു ദിവാകരൻ): Sir, I move the official amendment No.867.

(1) In clause 16,

(1) after the words "registration as a headload worker under the said Act" the words " for a period of six months from the date of such conviction" shall be inserted.

(2) for the word "cancelled" the word "suspended" shall be substituted.

(3) in the proviso, for the word "three" the word "two" shall be substituted.

ശ്രീ .ടി.പി. രാമകൃഷ്ണൻ: 747–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.കെ. ബാലൻ: 749, 762 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 750, 761, 765 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 751, 758 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.കെ. ജയചന്ദ്രൻ: 753–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.കെ. ചന്ദ്രൻ: 755–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: 756, 764 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: 757–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി.ജെ. ജോയി: 760–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ഷിബു ബേബിജോൺ: 763–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച In the proviso to clause 16 for the words "three years the words "two years" shall be substituted എന്ന 758–ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 758–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

747, 748, 749, 750, 753 എന്നീ നമ്പർ ഭേദഗതികൾ 25–നെതിരെ 55 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 768,769 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 770-ാംനമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ: 771-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.കെ. ബാലൻ: 773-ാംനമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബുദിവാകരൻ): പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച

In the proviso to clause 17(1) for the words "in the case of subsequent offences" substitute the words "in the case of the second and subsequent offences" എന്ന 771-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

പ്രൊഫ.സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു..

. മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

ശ്രീ. ടി.കെ. ബാലൻ: 782-ാംനമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 784-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ചെന്താമരാക്ഷൻ: 785, 786, 787 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.ബാബു ദിവാകരൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 792-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.ബാബു ദിവാകരൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

19–ാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>20–ാം വകുപ്പ്</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> 800–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> 801–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി <u>(ശ്രീ. ബാബു ദിവാകരൻ)</u>: ഭേദഗതികൾ സ്വീകാര്യമല്ല

ഭേദഗതികൾ സഭ നിരാകരിച്ചു.

20–ാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>21–ാം വകുപ്പ്</u>

21–ാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>22–ാം വകുപ്പ്</u>

<u>ശ്രീ. പി.ജെ. ജോയി:</u>  807, 808 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി <u>(ശ്രീ. ബാബു ദിവാകരൻ)</u>: ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതി.യോടെ പിൻവലിച്ചു.

22–ാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>23–ാം വകുപ്പ്.</u>

<u>ശ്രീ. തമ്പാനൂർ രവി</u>: 810–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി <u>(ശ്രീ. ബാബു ദിവാകരൻ)</u>: ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

23–ാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>24–ാം വകുപ്പ്</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> 815–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എ.കെ. ബാലൻ:</u> ഇത് അഗ്രീവിഡ് പേഴ്സണ് കോടതി.യിൽ പോകാനുള്ള അവസരം നിഷേധിക്കലാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഭേദഗതി സ്വീകാര്യമല്ല

ഭേദഗതി സഭ സഭ നിരാകരിച്ചു.

24–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

25–ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 818–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.കെ. ചന്ദ്രൻ: 819, 821 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 820, 825 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: 822–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: 823, 824 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.ബാബു ദിവാകരൻ) ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച In item (c) of clause 25(2) for the word "Inspector", substitute the words "Inspector or Labour Inspector എന്ന 818–ാം നമ്പർ ഭേദഗതിയും ശ്രീ.വി.ഡി.സതീശൻ അവതരിപ്പിച്ച In clause 25(2)(d) between the words "powers" and "Labour Inspector", for the word 'or' substitute the word 'of'
എന്ന 820–ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 818–ാം നമ്പർ ഭേദഗതിയും ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 820–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടു പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 25–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 25–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പട്ടിക

ശ്രീ. കെ.സി. ജോസഫ്: 833, 858 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു

ശ്രീ. വി. ചെന്താമരാക്ഷൻ: 835–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 836, 851, 852, 855, 857, 861 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: 837, 859, 863 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.കെ.രാധാകൃഷ്ണൻ: 838–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.ടി.പി. രാമകൃഷ്ണൻ: 841–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സാജുപോൾ: 844–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.കെ. ചന്ദ്രൻ: 853–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.പി. ചന്ദ്രമോഹൻ: 856, 860 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1–ാം വകുപ്പും പീഠികയും പേരും

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(864) In the enacting formula and in the Preamble the word "certain" occuring between the words "restrict" and "Unlawful" shall be omitted.

ശ്രീ. കെ.സി. ജോസഫ്: 90, 174, 187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: 91, 109, 152, 171, 180 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: 93, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: 94, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.കെ. ബാലൻ: 95, 125, 173, 184 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി.കെ. ബാലൻ: 98, 116, 157, 170, 177 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി.പി. രാമകൃഷ്ണൻ: 99, 117 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 101, 113, 126, 158 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.വി.ഡി.സതീശൻ: 102, 128, 163, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.വി.ചെന്താമരാക്ഷൻ: 104, 105, 106, 115, 154, 155, 156, 165, 166, 167, 179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ഇ.എം.അഗസ്തി: 110– ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: 114, 153, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: 159, 172, 183 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 90–ാം നമ്പർ ഭേദഗതിയിൽ "certain" എന്ന വാക്ക് ഒഴിവാക്കിക്കൊണ്ട് സ്വീകരിക്കാവുന്നതാണ്.

"The Kerala Loading and Unloading (Regulation of Wages and Restriction of Unlawful Practices) Bill, 2002" എന്ന പേര് സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി നിർദ്ദേശിച്ച ഭേദഗതിയോടുകൂടിയുള്ള ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 90–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): "The Kerala Loading and Unloading (Regulation of Wages and Restriction of Unlawful Practices) Bill, 2002" പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

(ബിൽ പാസ്സാക്കുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ ഒരു പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്ക്കരിച്ച് പുറത്തുപോയി.)

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഈ നിയമത്തെ സംബന്ധിച്ച് വളരെ വിശദമായി ചർച്ചകൾ നടന്നു. സംസ്ഥാനത്ത് തൊഴിലില്ലായ്മ പ്രശ്നം വളരെ രൂക്ഷമായിരിക്കുന്നു. ഇതൊരു ശാപമായിത്തന്നെ മാറിയിരിക്കുകയാണ്. അന്താരാഷ്ട്ര രംഗത്തും ദേശീയ രംഗത്തും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ പല വ്യവസായങ്ങളേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. വ്യവസായവൽ ക്കരണം ത്വരിതപ്പെടുത്തുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യണം. നമ്മുടെ സംസ്ഥാനത്ത് വ്യവസായം വരണമെങ്കിൽ അതിനാവശ്യമായ അന്തരീക്ഷവും അസംസ്കൃത പദാർത്ഥങ്ങളും ലഭ്യമാക്കണം. വ്യവസായികളെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കേണ്ട തുണ്ട്. നമ്മുടെ സംസ്ഥാനത്ത് വന്ന് മുതൽ മുടക്കാനുള്ള കോൺഫിഡൻസ് ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നത് വീണ്ടെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്; അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന നെഗറ്റീവ് പെർസ്പെഷൻ മാറ്റിയെടുക്കണം. നിക്ഷേപാനുകൂലമായ ഒരന്തരീക്ഷം സംസ്ഥാനത്തുണ്ടെന്ന് ബോദ്ധ്യപ്പെടണം. അതുപോലെ ക്രയവിക്രയശേഷി ക്രിയാത്മകമായി

വിനിയോഗിക്കാൻ കഴിയണം. 50 ലക്ഷം ചെറുപ്പക്കാരെ ഉൽപ്പാദന മേഖലയിലേക്ക് തിരിച്ചുവിടാൻ കഴിയണം. ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള വ്യവസായരംഗത്തെ മാറ്റങ്ങൾ നമുക്ക് അനുകൂലമാണ്. വിദ്യാസമ്പന്നരായ ആളുകളുടെ ക്രയശേഷി വേണ്ടവിധത്തിൽ ഉപയോഗിക്കണമെങ്കിൽ നമ്മുടെ സംസ്ഥാനത്ത് നിക്ഷേപം വേണം. അതിന് കളമൊരുക്കുന്നതിന് വ്യവസായ മേഖലയിൽ ശാന്തമായൊരന്തരീക്ഷം നിലനിറുത്തണം. അതിൽ പല ഘടകങ്ങളിലൊന്നാണ് ചുമട്ടുതൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ. പല പ്രശ്നങ്ങളും പരിഹരിക്കുവാൻ ശ്രമിക്കുന്ന കൂട്ടത്തിൽ ഈ പ്രശ്നവും പരിഹരിക്കുവാൻ ആത്മാർത്ഥമായ ശ്രമം നടത്തുന്നു. 1978–നുശേഷം സംസ്ഥാനത്തെ തൊഴിൽമേഖലയിൽ ഒരുപാട് മാറ്റങ്ങളുണ്ടായി. 1978–ലെ നിയമത്തിൽ പറഞ്ഞിരുന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കിയതോടൊപ്പം ആശാസ്യമല്ലാത്ത ചില ദുഷ്പ്രവണതകൾ ചുമട്ടുതൊഴിലാളി മേഖലയിലുണ്ടാകുകയും അത് നിയന്ത്രിക്കാനാവാത്ത ഘട്ടംവരെയെത്തുകയും ചെയ്തതിന്റെ ഫലമായി പുതിയ തൊഴിലവസരങ്ങളൊന്നും കാര്യമായി സംസ്ഥാനത്ത് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. അതിന് മാറ്റമുണ്ടാകണമെങ്കിൽ കയറ്റിറക്കുമേഖലയിൽ ചില ക്രമീകരണങ്ങൾ ആവശ്യമാണ്. ഈ നിയമം നടപ്പിലാക്കുന്നതുകൊണ്ട് നിലവിവുള്ള ഒരു തൊഴിലാളിക്കും തൊഴിൽ നഷ്ടപ്പെടുകയില്ല. എല്ലാ തൊഴിൽമേഖലയിലും കൂലി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ചുമട്ടുതൊഴിലാളികൾ കൂലി ഈടാക്കുന്നതിന് ഒരു വ്യവസ്ഥയുമില്ലാത്തതിനാൽ പല തർക്കങ്ങളും ക്രമസമാധാനപ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. അത്തരം തർക്കങ്ങൾ ഒഴിവാക്കുന്നതിനും കൂലി കൃത്യമായി നിശ്ചയിക്കുന്നതിനുമാണ് ഈ ബിൽ പ്രധാനമായും കൊണ്ടുവന്നിരിക്കുന്നത്. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് സാഹചര്യമൊരുക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അർഹമായ കൂലി വാങ്ങി ന്യായമായി പണിയെടുക്കുന്ന ഒരു തൊഴിലാളിയേയും ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രതികൂലമായി ബാധിക്കുകയില്ല. ഈ നിയമത്തെ വികൃതമായി ചിത്രീകരിക്കാതെ നിയമവ്യവസ്ഥകൾ ആത്മാർത്ഥമായി വിലയിരുത്തി തൊഴിലാളികൾക്കിടയിലുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിന് ട്രേഡ് യൂണിയൻ നേതാക്കന്മാർ തയ്യാറാകണം. ചുമട്ടുതൊഴിലാളിമേഖലയിൽ നിലവിലുള്ള അനാശാസ്യപ്രവണതകൾ തുടരണ മെന്നാഗ്രഹിക്കുന്നവർക്കുമാത്രമേ ഈ നിയമംമൂലം ബുദ്ധിമുട്ടുണ്ടാകുകയുള്ളൂ. സംസ്ഥാനത്ത് ദൂരവ്യാപകമായ ഗുണഫലങ്ങൾ ഏറെയുണ്ടാക്കുന്നതും സമൂഹത്തിനാകെ പ്രയോജന പ്പെടുന്നതുമായ ഈ നിയമത്തെ കേരളത്തിലെയും ഇൻഡ്യയിലെയും പ്രമുഖപത്രങ്ങളെല്ലാം സ്വാഗതം ചെയ്തിട്ടുണ്ട്. സ്വീകരിക്കാൻ കഴിയുന്ന ഭേദഗതികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. പ്രതിപക്ഷം നൽകിയ ഭേദഗതികൾ നിയമത്തിന് കടകവിരുദ്ധമായതായതിനാൽ അവ സ്വീകരിക്കാൻ കഴിഞ്ഞില്ല. എങ്കിലും പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങളും പ്രതികരണങ്ങളും എല്ലാ അർത്ഥത്തിലും ഉൾക്കൊള്ളും. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2002–ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമവിരുദ്ധപ്രവർത്തനങ്ങൾ നിയന്ത്രിക്കലും)ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## അവകാശലംഘനപ്രശ്നങ്ങൾ

മി. സ്പീക്കർ: ചെയറിന് കിട്ടിയിട്ടുള്ള അവകാശലംഘനപ്രശ്നങ്ങളെല്ലാം പരിശോധനയിലാണ്.

മുഖ്യമന്ത്രി(ശ്രീ.എ.കെ.ആന്റണി): ഗവൺമെന്റിന് തൽക്കാലം മറ്റ് ബിസിനസുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയണമെന്നഭ്യർത്ഥിക്കുന്നു.

സഭ രാത്രി 8.48–ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു,